# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**


വാല്യം 44 ലക്കം 2
വാർഷിക വരിസംഖ്യ ₹ 100

Vol 44 No. 2
Annual Subscription ₹100





പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
ജനുവരി 2026

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



വിശുദ്ധിയുടെ ഔന്നത്യമാർന്നവളും
ദൈവമാതാവുമായ പരിശുദ്ധ അമ്മേ,
നിന്റെ മാതൃസ്നേഹവും വാത്സല്യവും
എനിക്കു നൽകണമേ.
എന്റെ വീഴ്ചകളിലും പരാജയങ്ങളിലും
ഈശോയെ അനുഗമിക്കുന്നതിനുള്ള തടസ്സങ്ങളിലും
എന്നെ താങ്ങിത്തുണയ്ക്കാൻ,
എന്റെ അമ്മേ, എന്റെ ആശ്രയമേ എന്നു വിളിച്ച്
അമ്മയുടെ വിമല ഹൃദയത്തിൽ ആശ്രയം തേടാൻ
എന്നെ സഹായിക്കണമേ.
ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 44 No. 2**

**വാല്യം 44 ലക്കം 2 ദനഹാക്കാലം ജനുവരി 2026**


*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**



**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com



**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സഭ: ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും 5
- ബാവൂത്ത: സുറിയാനി ക്രൈസ്തവരുടെ ആത്മീയ ആയുധം 8
- മർത്ത് മറിയവും സീറോ മലബാർ കുർബാനയും 12
- അനുഗാമിയായി വരുന്നിതാ 15
- ഈശോയുടെ മാമോദീസാ: മനുഷ്യവംശത്തിന്റെ മഹത്ത്വത്തിലേക്കുള്ള ഉദയം 16
- സെനക്കിൾ തരംഗം 19
- ടർഫിൽ പെയ്ത മഴ 20
- വെളിച്ചമായി മനുഷ്യരിലേക്കിറങ്ങിയ ദൈവം 22
- ഞാൻ ആരാണ്? 24
- ജോസിയാ 26
- അമ്മയോടൊപ്പം 30

**എഡിറ്റോറിയൽ**

# അവഹേളിക്കപ്പെടുമ്പോഴും...

2025 ന്റെ അവസാനദിവസത്തിലെ ദിനപത്രത്തിൽ രണ്ടരപ്പതിറ്റാണ്ടുകളായി ലോകത്തെ നടുക്കിയ ഭീകരാക്രമണങ്ങളുടെ നീണ്ട പട്ടിക കാണാനിടയായി. നമ്മുടെ രാജ്യത്തു വളർന്നു വരുന്ന ക്രൈസ്തവ വിരുദ്ധതയുടെ പ്രകോപനപരമായ വാക്-ചെയ്തികൾ തിരുപ്പിറവിയുടെ ആഘോഷങ്ങൾക്കു മങ്ങലേല്പിക്കുന്നതും നാം കണ്ടു. ഒരു ഭീകരവാദത്തിനും പീഡനത്തിനും തകർക്കാനാവുന്നതല്ല ക്രൈസ്തവവിശ്വാസമെന്നത് രണ്ടു സഹസ്രാബ്ദത്തിന്റെ തമസ്കരിക്കാനാവാത്ത ചരിത്രമാണല്ലോ. കാൽനൂറ്റാണ്ടിന്റെ ചരിത്രത്തിനു വിരാമമിട്ടുകൊണ്ട് കേരളത്തിൽ 2025 കടന്നുപോയതും ക്രൈസ്തവരെ, ക്രിസ്തീയതയെ അവഹേളിച്ചു കൊണ്ടാണെന്നത് യാഥാർത്ഥ്യമാണ്. 2025 ലെ അവസാന പരസ്യഅവഹേളനത്തിനു വേദിയായത് ലോകമെങ്ങും കീർത്തികേട്ട കൊച്ചി മുസ്സിരിസ് ബിനാലെയാണ്. ക്രൈസ്തവർ ഏറെ പ്രാധാന്യത്തോടെ പാവനമായി കരുതുന്ന അന്ത്യഅത്താഴത്തെയും സമർപ്പിതജീവിതത്തെയും ഒരുപോലെ അവഹേളിച്ചിരിക്കുന്നു ഈ കലാവേദിയിൽ!

നന്മ സ്വയം പ്രസരിക്കുന്നതാണ്. അതിനെ ഇല്ലാതാക്കാൻ ശ്രമിക്കുന്തോറും അതു പ്രസരിച്ചുകൊണ്ടേയിരിക്കും.

ക്രൈസ്തവപീഡനത്തിന്റെ ആദ്യചരിത്രം രേഖപ്പെടുത്തപ്പെട്ട നടപടിപുസ്തകത്തിൽ സകലരാലും ആദരിക്കപ്പെട്ട ഗമാലിയേൽ എന്ന ഫരിസേയൻ പറഞ്ഞ വചനങ്ങൾ ക്രൈസ്തവരെ അവഹേളിക്കുന്നവർക്കുള്ള ഉത്തമ മറുപടിയാണ്. "ഈ ആലോചനയും ഉദ്യമവും മനുഷ്യരിൽ നിന്നാണെങ്കിൽ പരാജയപ്പെടും. മറിച്ച്, ദൈവത്തിൽനിന്നാണെങ്കിൽ അവരെ നശിപ്പിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (നട 5,38-39).

ലോകത്തിനു നല്ല സന്ദേശങ്ങൾ പകർന്നുകൊടുക്കാൻ ഏറ്റവും ഉപയുക്തമായ കലാരൂപങ്ങൾ തങ്ങൾക്കിഷ്ടമില്ലാത്തവരെ അവഹേളിക്കാൻ ആയുധമാക്കുന്നവർ സ്വന്തം മുഖമാണ് വികലമാക്കുന്നതെന്ന് അറിയാതെ പോകുന്നുവോ? "ശപിക്കുന്നവരെ അനുഗ്രഹിക്കുവിൻ. നിങ്ങളെ പീഡിപ്പിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവിൻ" (മത്താ 5,44) എന്ന തിരുവചനം ക്രൈസ്തവരുടെ ബലഹീനതയല്ല മുന്നോട്ടുകുതിക്കാൻ ശക്തിനൽകുന്ന ആദർശമാണെന്ന് ഇക്കൂട്ടർ ഗ്രഹിക്കട്ടെ.

നിത്യജീവിതത്തിന്റെ അതുല്യത അറിയുന്ന, വിശ്വാസത്തിന്റെ ശ്രേഷ്ഠത അറിയുന്ന, അതു പ്രഘോഷിക്കാൻ ചങ്കൂറ്റം കാണിക്കുന്ന സ്നാപകന്റെ തീക്ഷ്ണതയുള്ള ഒരു തലമുറ ഉണർന്നു വരുന്നുണ്ട് എന്നതും അഭിമാനത്തോടെ നോക്കിക്കാണേണ്ടതുണ്ട്. എന്നാൽ ഇതിനിടയിലും, മതപീഡനത്തെയും രക്തസാക്ഷിത്വത്തെയുംകുറിച്ചു പരാമർശിക്കുമ്പോൾ "വിശ്വസിക്കുന്നില്ല എന്നു പറഞ്ഞാൽ രക്ഷപെടാമല്ലോ" എന്നു ചിന്തിക്കുന്ന യുവത വളർന്നു വരുന്നുവെന്നതും ചിന്തനീയമാണ്. അവഹേളനങ്ങളെയും പീഡനങ്ങളെയുംകാൾ ഏറെ വേദനാജനകം വിശ്വാസ സംരക്ഷകരാകേണ്ട യുവതലമുറയുടെ ഇത്തരം ചിന്താഗതികളാണ്. ഇത് ഒരു ഒറ്റപ്പെട്ട സംഭവമല്ല എന്നതും വേദനയുടെ ആഴം കൂട്ടുന്നതും അതിലുപരി ആശങ്കാജനകവുമാണ്. സ്വാർത്ഥതയുടെ മതിൽക്കെട്ടിനുള്ളിൽ നൈമിഷികമായ സന്തോഷങ്ങൾക്കുവേണ്ടി മാത്രം ജീവിക്കുന്നവർക്കു തിരിച്ചറിവുകൾ ലഭിക്കുവാൻ ഈ കാലഘട്ടം അവസരമാകട്ടെ.

**ചീഫ് എഡിറ്റർ**




**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

**വി.** മത്തായിയുടെ സുവിശേഷം 5,13-14 ൽ തന്റെ ശിഷ്യരെ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായി ഈശോ വിശേഷിപ്പിക്കുന്നു. ഗിരിപ്രഭാഷണത്തിൽ സുവിശേഷഭാഗ്യങ്ങൾ കഴിഞ്ഞുവരുന്ന ഈ വാക്യങ്ങളിലാണ് ഈശോ ഇപ്രകാരം തന്റെ ശിഷ്യരെ വിശേഷിപ്പിക്കുന്നത്. മത്തായിയുടെ സുവിശേഷം സഭാത്മകസുവിശേഷം എന്നാണ് അറിയപ്പെടുന്നത്. മാത്രമല്ല, സുവിശേഷത്തിലെ അവസാനവാക്യങ്ങളിൽ ഉത്ഥിതനായ ഈശോ ശ്ലീഹന്മാരോട് അരുളിച്ചെയ്ത വാക്യങ്ങൾ, മാമോദീസാ സ്വീകരിച്ച് സഭാംഗങ്ങളായിത്തീരുന്നവരെ ശിഷ്യത്വം സ്വീകരിക്കുന്നവരായിട്ടാണ് ചിത്രീകരിക്കുന്നത്. ഉത്ഥിതനായ ഈശോ ശ്ലീഹന്മാരെ സമീപിച്ച് ഇപ്രകാരം അരുൾച്ചെയ്തു: "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നൽകുവിൻ" (മത്താ 28,18-20). അതുകൊണ്ട് സഭാംഗങ്ങളെല്ലാവരും ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരാൻ വിളിക്കപ്പെട്ടവരാണ്.

### ഭൂമിയുടെ ഉപ്പ്

ഈശോ ശിഷ്യന്മാരോടു പറയുന്നു: "നിങ്ങൾ ഭൂമിയുടെ ഉപ്പാണ്. ഉറ കെട്ടുപോയാൽ ഉപ്പിന് എങ്ങനെ വീണ്ടും ഉറ കൂട്ടും? പുറത്തേക്കു വലിച്ചെറിഞ്ഞ് മനുഷ്യരാൽ ചവിട്ടപ്പെടുവാനല്ലാതെ മറ്റൊന്നിനും അതു കൊള്ളുകയില്ല" (മത്താ 5,13). ഇവിടെ ഈശോ ശിഷ്യരെ നേരിട്ടു സംബോധന ചെയ്തുകൊണ്ടാണ് സംസാരിക്കുക. ഉപ്പ് ഭക്ഷ്യപദാർത്ഥങ്ങൾ അഴിഞ്ഞുപോകാതെ സൂക്ഷിക്കുന്നതുപോലെ, തങ്ങളുടെ ചുറ്റുമുള്ള ലോകം ധാർമ്മികമായി അധഃപതിക്കാതെ

*ഈശോ സഞ്ചരിച്ചിടത്തെല്ലാം സ്വർഗം ഭൂമിയെ സ്പർശിച്ചു; സ്വർഗരാജ്യം, സമാധാനത്തിന്റെയും നീതിയുടെയും രാജ്യം, ഉദ്ഘാടനം ചെയ്യപ്പെട്ടു. സഭ ഈ ദൈവരാജ്യത്തിനു സേവനം ചെയ്യുന്നു. സഭ തന്നിൽത്തന്നെ ഒരു ലക്ഷ്യമല്ല. ഈശോ തുടങ്ങിയത് അവൾ നിർവഹിച്ചുകൊണ്ടിരിക്കണം. ഈശോ പ്രവർത്തിക്കുമായിരുന്നതുപോലെ അവൾ പ്രവർത്തിക്കണം.*

(YOUCAT 123)

കാത്തുസൂക്ഷിക്കുക തന്റെ ശിഷ്യരുടെ കടമയാണെന്ന് അവരെ ഓർമ്മിപ്പിക്കുന്നു. ലേവ്യരുടെ പുസ്തകത്തിൽ ധാന്യബലിയോടുകൂടെ ഉപ്പ് ചേർക്കണമെന്നു നിർദ്ദേശിക്കുന്നുണ്ട്. ഈ ഉപ്പിനെ ഉടമ്പടിയുടെ ഉപ്പ് എന്നാണ് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് (റോമാ 1,12-13). ശിഷ്യർ തങ്ങളെത്തന്നെ ദൈവത്തിനു സമർപ്പിക്കുമ്പോൾ തങ്ങളെത്തന്നെ വിശുദ്ധീകരിക്കണം എന്നാണ് ഈ പരാമർശംകൊണ്ട് ഉദ്ദേശിക്കുക. സാധാരണയായി ഉപ്പിന്റെ ഉറ കെട്ടുപോകാറില്ല. എന്നാൽ ചാവുകടലിൽനിന്നുള്ള ഉപ്പിൽ കലർപ്പുള്ളതുകൊണ്ട് അതിന്റെ ഉറ കെട്ടുപോകാൻ സാദ്ധ്യതയുണ്ട്. അതുകൊണ്ടായിരിക്കും ഈശോ ഉപ്പ് ഒരു സാദൃശ്യമായി ഉപയോഗിച്ചിട്ടുള്ളത്. ഈശോയുടെ ശിഷ്യന്മാർ അവിടുത്തെ പ്രബോധനങ്ങളനുസരിച്ച് തങ്ങളുടെ ജീവിതം വിശുദ്ധീകരിക്കുമ്പോൾ അതു മറ്റുള്ളവരുടെ ജീവിതത്തിന് പ്രചോദനം നല്കും.

## ലോകത്തിന്റെ പ്രകാശം

ഈശോയുടെ ശിഷ്യന്മാർ ലോകത്തിന്റെ പ്രകാശമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണംപോലെ അവർ ലോകത്തിന്റെ മുമ്പിൽ പ്രകാശിക്കണം. ഈശോ തന്റെ ദൗത്യം ആരംഭിക്കുന്നത് അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനങ്ങൾക്കു പ്രകാശമായിട്ടാണ് (ലൂക്കാ 4,16). ഈശോയുടെ പ്രബോധനങ്ങളും പ്രവർത്തനശൈലിയും സ്വന്തമാക്കിക്കൊണ്ട് ലോകത്തിന്റെ മുമ്പിൽ തന്റെ സഭ 'മലമുകളിൽ പണിതുയർത്തിയ പട്ടണം' പോലെ പ്രശോഭിക്കണമെന്നാണ് ഈശോ ആഗ്രഹിക്കുന്നത്. അതിനു ശിഷ്യന്മാരെ ശക്തിപ്പെടുത്തുന്ന അവിടുത്തെ പ്രബോധനങ്ങളാണ് ഗിരിപ്രഭാഷണത്തിൽ കാണുന്നത്. വി. യോഹന്നാന്റെ സുവിശേഷത്തിൽ "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" എന്ന് ഈശോ തന്നെപ്പറ്റിത്തന്നെ പറയുന്നുണ്ട്. അവിടുന്നു ലോകത്തിലേക്കു കൊണ്ടുവന്ന പ്രകാശമാണ് അവിടുത്തെ ശിഷ്യന്മാർ ലോകത്തിൽ പ്രകാശിപ്പിക്കേണ്ടത്. ഈശോ ലോകത്തിലേക്കു കൊണ്ടുവന്നത് രക്ഷയുടെ സന്ദേശമാണ്. അതാണ് ഈശോ തന്റെ അനുയായികൾക്കു കൈമാറിയത്. അതു ലോകത്തിനു നല്കേണ്ട കടമ ശിഷ്യന്മാർക്കുണ്ട് എന്നാണ് ഇവിടെ ഓർമ്മിപ്പിക്കുന്നത്.

## ജീവനിലേക്കു നയിക്കുന്ന പ്രകാശം

വി. യോഹന്നാന്റെ സുവിശേഷത്തിൽ പ്രകാശത്തിന് വെളിപാടിനോടു ബന്ധപ്പെട്ട അർത്ഥമാണുള്ളത്. പ്രകാശം വെളിപ്പെടുത്തലാണ്. പ്രകാശമുള്ളപ്പോഴാണല്ലോ എല്ലാം വ്യക്തമായി കാണുവാൻ സാധിക്കുന്നത്. ദൈവത്തെ വെളിപ്പെടുത്തുന്നവനായിട്ടാണ് ഈശോ ലോകത്തിലേക്കു വന്നത്: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18). ആരും ഒരിക്കലും കണ്ടിട്ടില്ലാത്ത ദൈവത്തെ ലോകത്തിനു വെളിപ്പെടുത്തുന്നവൻ എന്ന നിലയിലാണ് ഈശോ ലോകത്തിന്റെ പ്രകാശമായി മാറുന്നത്. ഈശോയെ അനുഗമിക്കുന്ന

വർ ഈശോയിലൂടെ വെളിപ്പെടുത്തപ്പെട്ട ദൈവപദ്ധതിയുടെ വെളിച്ചത്തിലാണ് ജീവിക്കുന്നത്. ഈശോയിലൂടെ ലോകത്തിനു നല്കപ്പെട്ട വെളിപ്പെടുത്തൽ സ്വീകരിച്ച്, അതിനനുസൃതമായി ജീവിക്കുന്നവർക്ക് ദൈവികജീവൻ ലഭിക്കും. നിത്യജീവനിലേക്കു നയിക്കുന്ന പ്രകാശമാകുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരുടെ സമൂഹമാണ് സഭ. അതുകൊണ്ട് സഭാംഗങ്ങൾ ലോകത്തിന്റെ പ്രകാശമായ ഈശോയിൽ വിശ്വസിക്കുന്നവരും അതിനനുസരിച്ചു ജീവിക്കേണ്ടവരുമാണ്.

**സഭ: ജനതകളുടെ പ്രകാശം**

രണ്ടാം വത്തിക്കാൻ കൗൺസിൽ തിരുസ്സഭയെക്കുറിച്ചുള്ള പ്രമാണരേഖയ്ക്കു കൊടുത്തിരിക്കുന്ന പേര് 'ജനതകളുടെ പ്രകാശം' എന്നാണ്. ലോകത്തിന്റെ ഞെരുക്കങ്ങളുടെയും ദൈവത്തിന്റെ സമാശ്വാസങ്ങളുടെയും മദ്ധ്യേ, പ്രവാസജീവിതത്തിൽ, സഭ കർത്താവിന്റെ കുരിശും മരണവും പ്രഖ്യാപിച്ചുകൊണ്ട്, അവിടുന്നു വരുന്നതുവരെ മുന്നേറുകയാണ് (1 കോറി 11,26). ഉത്ഥിതനായ മിശിഹായുടെ ശക്തിയാൽ അവൾ ശക്തി പ്രാപിക്കുന്നു. അതുവഴി ആന്തരികവും ബാഹ്യവുമായ ക്ലേശങ്ങളും പ്രതിബന്ധങ്ങളും ക്ഷമയോടും സ്നേഹത്തോടുംകൂടെ തരണം ചെയ്യുന്നു. അവന്റെ രഹസ്യം നിഴലുകളിൽ കൂടെയെന്നതുപോലെയാണെങ്കിലും, അന്ത്യനാളിൽ പൂർണവെളിച്ചത്തിൽ പ്രകാശിപ്പിക്കപ്പെടുന്നതുവരെ, വിശ്വസ്തതാപൂർവം ലോകത്തിൽ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നു (LG 8). അപ്രകാരം സഭ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവുമായിത്തീരുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരുടെ സമൂഹമാണ്.

## ദൈവദാസൻ വില്യം ജക്വീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192



# ബാവൂത്സ: സുറിയാനി ക്രൈസ്തവരുടെ ആത്മീയ ആയുധം

**റവ. ഫാ. ജസ്റ്റിൻ ടി നീലങ്കാവിൽ**
അസ്സീറിയൻ ചർച്ച് ഓഫ് ദ ഈസ്റ്റ്
തൃശ്ശൂർ

അസ്വസ്ഥതയുടെ അന്ധകാരത്തിൽ അലയുന്ന, ആളുകളുടെ അവിശ്വാസം ആധാരമാക്കി അത്താഴമുണ്ണുന്നവരുടെ എണ്ണം സമൂഹത്തിൽ വർദ്ധിക്കുമ്പോൾ ആശയറ്റ് ആത്മീയപതനം സംഭവിക്കുന്ന ആളുകളുടെ എണ്ണവും വർദ്ധിക്കുകയാണ്. പ്രാർത്ഥന എന്നത് പഴയ തലമുറയുടെ കാലഹരണപ്പെട്ട ആചാരമായി കാണുന്ന എല്ലാവർക്കും ഈ ആത്മീയപതനം സംഭവിക്കുന്നുണ്ട്. എന്നാൽ പ്രാർത്ഥനയുടെ അർത്ഥവും ആഴവും ഫലവും തിരിച്ചറിയുന്നവർക്ക് അത് എന്നും സംരക്ഷണം തരുന്ന ഒരു കോട്ടയാണ്. പൗരസ്ത്യസഭയിൽ ആചരിച്ചു വരുന്ന മൂന്നു ദിവസത്തെ തുടർച്ചയായ പ്രാർത്ഥനാ ദിനങ്ങളാണ് ബാവൂത്സ അഥവാ മൂന്നു നോമ്പ് എന്ന പേരിൽ അറിയപ്പെടുന്നത്. ബാവൂത്സ എന്ന സുറിയാനി വാക്കിന് പ്രാർത്ഥന, യാചന എന്നൊക്കെയാണ് അർത്ഥം.

പഴയനിയമത്തിൽ നിനെവേക്കാരുടെ മാനസാന്തരത്തെപ്പറ്റി യോനാ പ്രവാചക പുസ്തകത്തിൽ പറയുന്നുണ്ട്. സഭാചരിത്രത്തിൽ ഇതിനെപ്പറ്റി വിശദമായി എഴുതിയ രണ്ട് എഴുത്തുകാരാണ് നാലാം നൂറ്റാണ്ടിലെ അപ്രേമും പന്ത്രണ്ടാം നൂറ്റാണ്ടിലെ ഗീവർഗീസ് വർദയും. ഇരുവരും ഈ മൂന്നു നോമ്പ് കാലത്തിനായി കവിതകളും പ്രസംഗങ്ങളും രചിച്ചു. അതിനാൽ, കുറഞ്ഞത് മൂന്നാം നൂറ്റാണ്ടിന്റെ അവസാനമോ നാലാം നൂറ്റാണ്ടിന്റെ തുടക്കമോ മുതൽ ഈ ഉപവാസം ആരംഭിച്ചിരിക്കാമെന്ന് വ്യക്തമാണ്. അപ്രേമിന്റെ കൃതിയുടെ ഒരു ഭാഗം വിവർത്തനം ചെയ്ത ഹെൻറി ബർജസിന്റെ (Henry Burgess) ആമുഖത്തിൽ നിന്നുള്ള ഒരു ഭാഗം ഈ ഉപവാസത്തിന്റെ പൗരാണികത മനസ്സിലാക്കാൻ ഉപകരിക്കും. അത് താഴെ കൊടുക്കുന്നു:

> സുവിശേഷം ആഴ്ന്നിറങ്ങിയ സുറിയാനിക്കാരുടേതായിരുന്നു പുരാതന നിനെവേ പട്ടണം. തിരുവെഴുത്തുകൾ അവർക്കിടയിൽ പ്രചരിച്ച ഉടൻതന്നെ അവർ ആ സ്ഥലത്തിന് പ്രാധാന്യം നൽകുകയും യോനായുടെ പ്രസംഗവും ശിക്ഷിക്കപ്പെട്ട ആളുകളുടെ മോചനവും ഉൾക്കൊള്ളുന്ന പ്രാർത്ഥനകൾക്ക് താൽപര്യം കാണിക്കുകയും ചെയ്തു. പഴയനിയമം സുറിയാനിയിൽ വിവർത്തനം ചെയ്ത് പ്രചരിപ്പിച്ചിരുന്നു എന്ന അറിവ് മതി, യോനായുമായി ബന്ധപ്പെട്ട നിനെവേയും അതിന്റെ മുൻകാലചരിത്രവും ബന്ധപ്പെട്ടിരിക്കുന്ന ആരാധനയുടെ കാരണം അറിയാൻ. മൊസൂളിന്റെ പരിസരത്ത് യോനായുടെ ശവകുടീരം വളരെക്കാലമായി നിലകൊള്ളുന്നുണ്ട്. പിൽക്കാലത്ത് നബി യൂനാസ് എന്ന പേര് ചുറ്റുമുള്ള മുസ്ലിം ഗ്രാമത്തിന് നൽകിയിട്ടുണ്ട്. യോനായുടെ ശവകുടീരത്തിന്റെ സ്ഥലത്തെക്കുറിച്ച് പണ്ഡിത

ന്മാർക്കിടയിൽ യോജിപ്പില്ലെങ്കിലും, അത് മൊസൂളിൽ സൃഷ്ടിച്ച പാരമ്പര്യം ആ പ്രദേശത്തെ ക്രിസ്ത്യാനികളുടേതാണെന്ന് പറയാൻ കഴിയും. യോനാ നിനവെയിൽ താമസിച്ചിരുന്നു എന്നു വിശ്വസിക്കാൻ വളരെ ബുദ്ധിമുട്ടാണ്. അവൻ അവിടെ താമസിച്ചിരുന്നില്ലെങ്കിൽ, അവനെ നിനവെയിൽ അടക്കം ചെയ്തുവെന്ന് പറയാൻ യാതൊരു കാരണവും ഇല്ല. അതിനാൽ, യോനായുടെ കല്ലറ നിനവേയിലാണെന്ന വിശ്വാസം സംശയാസ്പദമാണ്.



എന്നാൽ പാരമ്പര്യത്തിന് ഈ സംശയത്തേക്കാൾ വലിയ പ്രാധാന്യമുണ്ട്. സുറിയാനി ക്രിസ്ത്യാനികൾ അദ്ദേഹത്തിന്റെ പേരും ചരിത്രവും നിനെവേയുമായി നേരത്തെതന്നെ ബന്ധപ്പെടുത്തി ഉപയോഗിച്ചിട്ടുണ്ട്. അപ്രേമിന്റെ കാലത്തിനു മുമ്പുതന്നെ ഈ വികാരം നിലനിന്നിരുന്നു എന്നതിൽ സംശയമില്ല. എഡേസ്സയിലെ പ്രവാചകന്റെ വലിയ ജനപ്രീതി, ആ പിതാവിനെ ആ ജീവിതത്തിലെ സംഭവങ്ങൾ ജനങ്ങളെ പഠിപ്പിക്കുന്നതിനായി ഉപയോഗിക്കാൻ പ്രേരിപ്പിച്ചു. അപ്രേമിന്റെ മരണശേഷം, അദ്ദേഹത്തിന്റെ കൃതികൾ വളരെ ഉയർന്ന മൂല്യമുള്ളതായി കണക്കാക്കപ്പെട്ടിരുന്നു. അവ സഭയുടെ ആരാധനകളിൽ വായിക്കപ്പെട്ടു. ഇന്നും അവ സുറിയാനി ആചാരങ്ങളുടെ ഒരു പ്രധാന ഭാഗമാണ്. അങ്ങനെ ഈ പാരമ്പര്യം സ്ഥിരപ്പെടുകയും പൊതുദുരന്തങ്ങളിൽ പ്രത്യേക ഉപവാസ കാലങ്ങൾ ആവശ്യപ്പെടുമ്പോഴെല്ലാം ‘നിനെവേയുടെ മാനസാന്തരം’ ഉപയോഗിക്കപ്പെടുകയുമാണ് ഉണ്ടായത്. അങ്ങനെ സുറിയാനി മനസ്സ് പരുവപ്പെട്ടിരിക്കുന്നതിനിടയിൽ, ഒരു അവസരത്തിൽ ബേത്ത് ഗർമയിലും മറ്റു സ്ഥലങ്ങളിലും ഒരു മഹാമാരി പൊട്ടിപ്പുറപ്പെട്ടത് ഉപവാസത്തിന്റെ ഒരു ആനുകാലിക ആചരണത്തിലേക്കു നയിച്ചു. അപ്രേമിന്റെ കാലത്തിനുമുമ്പ് യോനായും നിനെവേയും സുറിയാനിസഭയിൽ വിശുദ്ധ നാമങ്ങളായി മാറിയിരുന്നു. ഇത് ഈ പിതാവിന് ‘നിനെവേയുടെ മാനസാന്തരം’ രചിക്കാൻ അവസരം നൽകി. അതിന്റെ ജനപ്രീതിയും ഉപവാസ അവസരങ്ങളിലെ ഉപയോഗവുംവഴി നിനെവേയുടെ പേര് ഒരു ക്രിസ്തീയ ആചരണത്തിലേക്കു മാറ്റുന്നതിലേക്കു നയിച്ചു. അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും ഒരു നിശ്ചിത കാലഘട്ടങ്ങളിൽ അല്ലെങ്കിൽ സ്വർഗ്ഗത്തിന്റെ കരുണാർദ്രമായ സഹായം ആവശ്യപ്പെടുന്ന ചില പ്രത്യേക ദുരന്തകാലഘട്ടങ്ങളിൽ അപ്രേമിന്റെ ഈ രചനകൾ തന്റെ ജനങ്ങളുടെ ഹൃദയങ്ങളെ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗമായി അദ്ദേഹം ഉപയോഗിച്ചു.

പൗരസ്ത്യ സഭയുടെ സുറിയാനി പ്രാർത്ഥനാഗ്രന്ഥമായ ഹൂദ്രയിൽ ബാവൂത്സാക്ക് (മൂന്നു നോമ്പ്) ഉള്ള ചില കാരണങ്ങൾ പരാമർശിച്ചിട്ടുണ്ട്. ഇതിന്റെ അക്ഷരാർത്ഥത്തിലുള്ള വിവർത്തനം താഴെ നൽകുന്നു:

ബാവൂത്സ ആചരിക്കുന്നതിനുള്ള ആദ്യത്തെ കാരണം, യോനാ പ്രവാചകൻ മുഖേനയുള്ള പ്രഖ്യാപനത്തിനുശേഷം നടന്ന നിനെവേക്കാരുടെ മാനസാന്തരമാണ്. അവർ ഒരു ഉപവാസം

പ്രഖ്യാപിക്കുകയും എഴുതിയിരിക്കുന്നതുപോലെ ചാക്കുകൾ ധരിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. അവരുടെ മാനസാന്തരം കണ്ടപ്പോൾ ദൈവത്തിന്റെ ഉഗ്രകോപം വിട്ടുമാറി, അവരെ നശിപ്പിച്ചില്ല.

ഇതിനു മറ്റൊരു കാരണം കൂടിയുണ്ട്. ലോകത്ത് പ്ലേഗ് എന്നു വിളിക്കപ്പെടുന്ന മാരകമായ രോഗം ഉണ്ടാകുന്ന അവസരത്തിൽ ആ സ്ഥലങ്ങളിൽ വംശഹത്യ നടക്കുന്ന സാഹചര്യമുണ്ടായിരുന്നു. ഒരിക്കൽ മാർ സാവ്റീശോയുടെ കാലത്ത് പേർഷ്യൻ രാജ്യത്തിലെ സ്ഥലങ്ങളിൽ ഈ രോഗം പടർന്നു പിടിച്ചു. ജനങ്ങളുടെ അമിതമായ പാപങ്ങൾ നിമിത്തം, ബേത്ത് ഗർമയിലെയും നിനെവേയിലും എല്ലാ ജനങ്ങളും ആ സമയത്ത് മരണപ്പെടുകയുണ്ടായി. മാർ സാവ്റീശോ ദൈവത്തോടു പ്രാർത്ഥിച്ചപ്പോൾ, അദ്ദേഹത്തിന് അരുളപ്പാട് ഉണ്ടായി. "ഒരു ഉപവാസം പ്രഖ്യാപിക്കുകയും ബാവൂത്ത അനുഷ്ഠിക്കുകയും ചെയ്യുക, മാരകമായ രോഗം നിങ്ങളെ വിട്ടുപോകും" എന്നു പറയുന്ന ഒരു ദൂതന്റെ ശബ്ദം അവൻ കേട്ടു. ശബ്ദം കേട്ടപ്പോൾ അദ്ദേഹം ഇപ്രകാരം കൽപിച്ചു: "കർത്താവിന്റെ ജനമേ, സകലരും ഒന്നാം ദിവസം മുതൽ കർത്താവിന്റെ ആലയത്തിൽ ഒത്തുകൂടണം". അത് ഒരു തിങ്കളാഴ്ച ആയിരുന്നു. പ്രാർത്ഥന ആരംഭിച്ചതു മുതൽ മരണദൂതൻ തന്റെ കൈ പിന്നിലേക്ക് വലിക്കുന്നതായി ജനത്തിനു മനസ്സിലായി തുടങ്ങി. മരണനിരക്ക് കുറഞ്ഞുകൊണ്ടിരുന്നു. അതായത്, ആഴ്ചയിലെ ആറാം ദിവസം, അതായത് വെള്ളിയാഴ്ച, അവരിൽ വളരെ കുറച്ചു പേർ മാത്രമേ പ്ലേഗ് ബാധിച്ച് കഷ്ടപ്പെട്ടുള്ളൂ. ഒടുവിൽ മ്ശീഹായുടെ ജീവനുള്ള ശരീരവും വിശുദ്ധ രക്തവും അർപ്പിക്കുന്ന പരിശുദ്ധ കുർബാനയിൽ ആളുകൾ പങ്കുചേർന്നു. അവർ അതിലൂടെ പാപമോചനം നേടി വിശുദ്ധീകരിക്കപ്പെട്ടു. അതിനുശേഷം ഒരാൾപോലും മരിച്ചില്ല. സഭാപുരോഹിതന്മാരും അവരുടെ ആട്ടിൻകൂട്ടങ്ങളും അവരുടെ മേലുള്ള കരുണ കണ്ടപ്പോൾ എല്ലാ വർഷവും ഇത് അനുഷ്ഠിക്കാൻ ഒരു ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. പൗരസ്ത്യസഭയിൽ അത് ഇന്നുവരെ തുടർന്നുകൊണ്ടിരിക്കുന്നു.


**സെന്റ് തോമസ് ക്രിസ്ത്യാനികൾക്കിടയിലെ പുരാതന ഉപവാസങ്ങളിൽ ഒന്നായ ഈ ഉപവാസം തുടരാൻ ഉദയംപേരൂർ സൂനഹദോസിന്റെ കാനോനകൾ അനുവദിച്ചിരുന്നു. സെന്റ് തോമസ് ക്രിസ്ത്യാനികൾ ഈ തിരുനാൾ എങ്ങനെ ആഘോഷിച്ചു എന്നതിനെക്കുറിച്ച് പുരാതനരേഖകളുണ്ട്. നിനെവേക്കാരുടെ മാനസാന്തരവുമായി ബന്ധപ്പെട്ട ഈ നോമ്പ് സെന്റ് തോമസ് ക്രിസ്ത്യാനികൾ എങ്ങനെ ആചരിച്ചിരുന്നു എന്നതിനെക്കുറിച്ച് എ.ഡി. 1612 ൽ ആർച്ചുബിഷപ്പ് ഫ്രാൻസിസ് റോസ് എഴുതിയ ഒരു കത്തിന്റെ ഭാഗം താഴെ കൊടുക്കുന്നു:**


**പു**രോഹിതന്മാർ പള്ളിയിൽ ഒത്തുകൂടി നിരവധി പ്രാർത്ഥനകളും സ്തുതിഗീതങ്ങളും ഉപയോഗിച്ചിരുന്നു. സങ്കീർത്തനം മുഴുവനും ചൊല്ലുമായിരുന്നു. പിന്നെ അവർ വിശുദ്ധ അപ്രേമിന്റെ നിരവധി പ്രസംഗങ്ങൾ ഉച്ചത്തിൽ വായിക്കുകയും ചെയ്തു. അവ വളരെ ഭക്തിയുള്ളതും എന്നാൽ വളരെ നീണ്ടതുമാണ്. അതിൽ അദ്ദേഹം നിനെവേക്കാരുടെ പശ്ചാത്താപത്തെക്കുറിച്ച് പരാമർശിക്കുകയും തന്റെ ശ്രോതാക്കളെ, അവരുടെ പാപങ്ങളോർത്തു കരഞ്ഞുകൊണ്ട്, നിനവേക്കാരെ അനുകരിക്കാൻ ഉദ്ബോധിപ്പിക്കുകയും ചെയ്യുന്നു. അതിനുശേഷം, ഒരു പുരോഹിതൻ ബലിപീഠത്തിനു മുന്നിൽനിന്ന് ഏറ്റവും ദയനീയമായ സ്വരത്തിൽ ഒരു കാറോസൂസ രൂപത്തിൽ ചില പ്രാർത്ഥനകൾ ആലപിക്കും. ഓരോ വാക്യത്തിലും പള്ളിയിലുള്ള എല്ലാവരും നടപ്പാതയിൽ സാഷ്ടാംഗം പ്രണമിച്ച് ആമേൻ പറയു

കയും ചെയ്യും. ഈ വിവിധ ചടങ്ങുകൾ കഴിയുമ്പോൾ, സൂര്യാസ്തമയത്തിനുശേഷം, എല്ലാവരും പള്ളിക്ക് ചുറ്റുമുള്ള വരാന്തയിൽ നല്ല ക്രമത്തിൽ ഇരുന്ന് മുൻകൂട്ടി പാകപ്പെടുത്തിയ അരിയും മറ്റ് ഭക്ഷണസാധനങ്ങളും കഴിക്കും. ഭക്ഷണത്തിനുശേഷം അവർ സ്തോത്രം ചൊല്ലും. ഓരോരുത്തരും അവനവന്റെ വീട്ടിലേക്ക് മടങ്ങും. തുടർന്നുള്ള രണ്ട് ദിവസങ്ങളിലും ഇതേ കാര്യം ആവർത്തിക്കും. നാലാം ദിവസം, അത് ഉപകാരസ്മരണയുടെ ദിവസമാണ്, അവരെല്ലാം കുർബാനയിൽ പങ്കെടുക്കുകയും ഉപവാസം അവസാനിപ്പിക്കുകയും ചെയ്യും. ക്രിസ്ത്യാനികൾ അതു പാലിക്കുന്നതിൽ വളരെ വിശ്വസ്തരായിരുന്നു, ഒരു തൊഴിലോ യാത്രയോ ഈ നോമ്പിന് തടസ്സമായി വരാൻ അവർ അനുവദിക്കില്ല. അത് ഒഴിവാക്കിയാൽ, എന്തെങ്കിലും ദുരന്തം തങ്ങൾക്കു സംഭവിക്കുമെന്ന് അവർ വിശ്വസിച്ചു. കുട്ടികളും അതിൽ പങ്കെടുത്തു.

ഇങ്ങനെ അതീവഭക്തിയോടെ കേരള ക്രൈസ്തവർ ബാവൂത്സ ആചരിച്ചുവന്നു. അത് ജീവിതത്തിൽ ഫലപ്രദമാണെന്ന് കണ്ടറിഞ്ഞ ക്രൈസ്തവർ കാര്യസിദ്ധിക്കായും രോഗശാന്തിക്കായും ഭക്തി ജീവിതത്തിലെ അനിവാര്യമായ ഘടകമായും ബാവൂത്സ അനുഷ്ഠിക്കുന്നു. ഉപവാസത്താലും പ്രാർത്ഥനയാലും അല്ലാതെ മനുഷ്യനെ വേട്ടയാടുന്ന ദുരന്തങ്ങൾ മാറിപ്പോവുകയില്ല എന്ന ഈശോമ്ശീഹായുടെ വചനം ശിരസാവഹിക്കാൻ ബാവൂത്സ കാരണമായി.

ബാവൂത്സ അഥവാ മൂന്നു നോമ്പ് കൃത്യമായി ആചരിക്കുവാനും അത് വരും തലമുറയ്ക്ക് പകർന്നുകൊടുക്കാനും നമ്മുടെ സഭാമക്കൾക്ക് സാധിക്കട്ടെ.





മാഗ്നിഫിക്കാത്ത്-1

# മർത്ത് മറിയവും സീറോ-മലബാർ കുർബാനയും

റവ. ഡോ. അനീഷ് ജേക്കബ് കിഴക്കേവീട്
ചങ്ങനാശ്ശേരി അതിരൂപത

**സീ**റോ-മലബാർ കുർബാനയിൽ പ്രത്യക്ഷമായും പരോക്ഷമായും പല അവസരങ്ങളിൽ പരിശുദ്ധ കന്യാമറിയത്തെ അനുസ്മരിക്കുന്നുണ്ട്. അതിൽനിന്നും സീറോ-മലബാർസഭ മാതാവിന് എത്രമാത്രം പ്രാധാന്യം കൊടുക്കുന്നു എന്നു മനസ്സിലാക്കാൻ കഴിയും.

“അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി” എന്ന മാലാഖമാരുടെ കീർത്തനം ആലപിക്കുന്ന സമയത്ത്, ഈശോമിശിഹായുടെ ജനനം അനുസ്മരിക്കുമ്പോൾ, പരിശുദ്ധ അമ്മയെ ഓർക്കാതിരിക്കാൻ നമുക്കു കഴിയുകയില്ല. പരിശുദ്ധ മറിയത്തിന്റെ “ഇതാ കർത്താവിന്റെ ദാസി” എന്ന സമ്മതമാണല്ലോ ഈശോയുടെ മനുഷ്യാവതാരത്തിന്റെ ആരംഭം.

വചനം ശ്രവിക്കുകയും വചനം അനുസരിച്ചു ജീവിക്കുകയും ചെയ്ത പരിശുദ്ധ കന്യകാമറിയം, പരിശുദ്ധ കുർബാനയുടെ വചനശുശ്രൂഷയിൽ നാം എങ്ങനെ വ്യാപരിക്കണമെന്നതിനു വലിയ മാതൃകയാണ്. മാർ അപ്രേമിന്റെ അഭിപ്രായത്തിൽ ഒന്നാം ഹവ്വാ സർപ്പത്തിന്റെ വചനത്തിനാണ് കാതുകൾ നൽകിയതെങ്കിൽ, രണ്ടാം ഹവ്വായായ മറിയം ദൈവത്തിന്റെ വചനത്തിനാണ് കാതുകൾ നൽകിയത്. വചനം ശ്രവിച്ചാൽ മാത്രം പോരാ, ഹൃദയത്തിൽ മനനം ചെയ്തെങ്കിൽ മാത്രമേ (ലൂക്കാ 2,51) അതു ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയൂ എന്ന് വചനശുശ്രൂഷയിൽ പരിശുദ്ധ അമ്മ നമ്മെ പഠിപ്പിക്കുന്നു.

എങ്ങനെയാണോ പരിശുദ്ധ കന്യാമറിയത്തിൽ പരിശുദ്ധ റൂഹാ ആവസിച്ചത്, അങ്ങനെ തന്നെയാണ് റൂഹാക്ഷണപ്രാർത്ഥനയിൽ അപ്പത്തിലും വീഞ്ഞിലും റൂഹാ ആവസിക്കുന്നത്. അതിനാൽ, റൂഹാക്ഷണ പ്രാർത്ഥനാവേളയിൽ പരിശുദ്ധ അമ്മയെ നമുക്ക് ഓർക്കുവാൻ സാധിക്കും.

മുൻപറഞ്ഞ ഇടങ്ങളിലൊക്കെ അമ്മയെ പരോക്ഷമായാണു നാം ഓർക്കുന്നതെങ്കിൽ പരിശുദ്ധ കുർബാനയിൽ പ്രത്യക്ഷമായി അമ്മയെ ഓർക്കുന്ന അവസരങ്ങളാണ് തുടർന്നു പരാമർശിക്കുന്നത്.

**ഓനീസാ ദ്റാസയിൽ**

സീറോ-മലബാർ കുർബാനയിലെ ഓനീസാ ദ്റാസേ (ദിവ്യരഹസ്യഗീതം) എന്ന ഗീതത്തിനു രണ്ടു ഭാഗങ്ങളാണുള്ളത്: വ്യതിയാനമുള്ള ഭാഗവും വ്യതിയാനമില്ലാത്ത ഭാഗവും. വ്യതിയാനമുള്ള ഭാഗത്ത് ഓരോ കാലത്തിന്റെയും ചൈതന്യമനുസരിച്ചുള്ള മിശിഹാരഹസ്യങ്ങളാണ് അനുസ്മരിക്കുന്നത്. വ്യതിയാനമില്ലാത്ത ഭാഗത്ത് (താതനുമതുപോലാത്മജനും) മിശിഹായുടെ രഹസ്യങ്ങളിൽ പങ്കുചേർന്ന വിശുദ്ധരെയാണ് നാം അനുസ്മരിക്കുന്നത്. അവരിൽ ഏറ്റവും ആദ്യം ഓർക്കുന്നത് പരിശുദ്ധ കന്യകാമറിയത്തെയാണ്. 1986 ലെ റാസക്രമത്തിന്റെ തക്സായിൽ മാതാവിനെ മാത്രമേ ആദ്യ പാദത്തിൽ ഓർത്തിരുന്നുള്ളൂ എന്നത് ശ്രദ്ധേയമാണ്. (വിശുദ്ധ യൗസേപ്പിതാവിന്റെ നാമം ഈ അടുത്ത കാലത്താണല്ലോ കൂട്ടിച്ചേർത്തത്). മിശിഹാരഹസ്യങ്ങളോടു ഏറ്റവും ചേർന്നുനിന്ന വ്യക്തി പരിശുദ്ധ മറിയമാണ്. പോൾ ആറാമൻ മാർപാപ്പായുടെ ശ്ലൈഹികപ്രബോധനമായ 'മരിയാലിസ് കുൾത്തൂസ്'-ൽ ഇക്കാര്യം വ്യക്തമായി പറയുന്നുണ്ട്. മറ്റു വിശുദ്ധരെ അപേക്ഷിച്ച് മാതാവിന്റെ അനന്യതയെക്കുറിച്ച് 'ലൂമൻ ജെൻസിയും' 66 ൽ പറയുന്നത് പിതാവിന്റെ പ്രത്യേക കൃപയാൽ മറിയത്തിന്, അവളുടെ മകന്റെ തൊട്ടുതാഴെ, എന്നാൽ മാലാഖമാർക്കും സകല വിശുദ്ധർക്കും ഉപരിയായ ഒരു സ്ഥാനം ലഭിച്ചു എന്നാണ്. അങ്ങനെ നോക്കുമ്പോൾ, ഓനീസാ ദ്റാസയിൽ, മിശിഹായുടെ രഹസ്യങ്ങളിൽ പങ്കുചേർന്ന വിശുദ്ധരെ ഓർക്കുമ്പോൾ, അതിന്റെ ആരംഭത്തിൽ പരിശുദ്ധ മറിയത്തെ ഓർക്കുന്നത് (പ്രത്യേകിച്ച് മറ്റു വിശുദ്ധരുടെ കൂടെയല്ലാതെ) തികച്ചും അർത്ഥവത്താണ്. അതു സീറോ-മലബാർ സഭയിൽ പരിശുദ്ധ അമ്മയ്ക്കു വലിയ പ്രാധാന്യം കൊടുക്കുന്നു എന്നതിന്റെ തെളിവാണ്.

**വിശ്വാസപ്രമാണത്തിൽ**

ഈശോ "പരിശുദ്ധാത്മാവിനാൽ, കന്യകാമറിയത്തിൽനിന്നു ശരീരം സ്വീകരിച്ച് മനുഷ്യനായി പിറന്നു" എന്നാണ് സീറോ-മലബാർ കുർബാനയിൽ ഉപയോഗിക്കുന്ന നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണത്തിൽ ഏറ്റുപറയുന്നത്.

ഈ വാക്യത്തിനു അർത്ഥതലങ്ങൾ ഏറെയുണ്ട്.

1. വിശ്വാസപ്രമാണത്തിലെ ഈ വാക്യം അർത്ഥമാക്കുന്നത്, പരിശുദ്ധ അമ്മ ജന്മം കൊടുത്തത് ഒരു സാധാരണ വ്യക്തിക്ക് അല്ല, മറിച്ച്, പരിശുദ്ധ റൂഹായുടെ ശക്തിയാൽ മനുഷ്യാവതാരം ചെയ്ത, ദൈവപുത്രനായ - ദൈവമായ ഈശോമിശിഹായ്ക്കാണ് എന്നതാണ്.

2. കന്യകാമറിയത്തിൽനിന്നു ജന്മം സ്വീകരിച്ച മിശിഹാ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്. എന്നാൽ പരിശുദ്ധ കന്യകാമറിയത്തിൽനിന്ന് ഈശോ സ്വീകരിച്ചത് മനുഷ്യത്വം മാത്രമാണ്. കാരണം ഈശോയുടെ ദൈവത്വം അനാദിമുതൽ ഉള്ളതാണ്.

**കൂദാശക്രമത്തിൽ (അനാഫൊറയിൽ)**

സീറോ-മലബാർ കുർബാനയ്ക്കു മൂന്നു കൂദാശക്രമങ്ങളാണല്ലോ ഉള്ളത്: മാർ അദ്ദായി-മാറിയുടെ കൂദാശക്രമം; മാർ തെയദോറിന്റെ കൂദാശക്രമം; മാർ നെസ്തോറിയസിന്റെ കൂദാശക്രമം.

മാർ അദ്ദായി-മാറിയുടെ കൂദാശക്രമത്തിൽ നാലാമത്തെ ഗ്ഹാന്തയുടെ ആരംഭത്തിൽ പരിശുദ്ധ അമ്മയെക്കുറിച്ചു പരാമർശിക്കുന്നുണ്ടെങ്കിലും, ആരാധനക്രമപണ്ഡിതന്മാരുടെ അഭിപ്രായത്തിൽ, ഇതു പിന്നീട് കൂട്ടിച്ചേർത്തതാണ്. കാരണം അദ്ദായി-മാറി കൂദാശക്രമം എഴുതപ്പെട്ടത് രണ്ട്-മൂന്ന് നൂറ്റാണ്ടുകളിലാണ്. ഈ കാലഘട്ടത്തിൽ മരിയൻഭക്തി സഭയിൽ അധികം വികസിച്ചിട്ടില്ലാത്തതിനാൽ ഈ കൂദാശക്രമം എഴുതപ്പെട്ടപ്പോൾ മാതാവിനെക്കുറിച്ചു പരാമർശിച്ചിട്ടില്ല എന്നു പറയുന്നതിൽ വലിയ അതിശയോക്തി ഇല്ല.

എന്നാൽ ആറാം നൂറ്റാണ്ടിൽ എഴുതപ്പെട്ട കൂദാശക്രമങ്ങളായ മാർ തെയദോറിന്റെയും മാർ നെസ്തോറിയസിന്റെയും കൂദാശക്രമങ്ങളിൽ വളരെ വ്യക്തമായി മാതാവിനെക്കുറിച്ചു പരാമർശിക്കുന്നുണ്ട്. മൂന്നാം ഗ്ഹാന്തായിലാണ് ഈ പരാമർശം. ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളെ അനുസ്മരിപ്പിക്കുകയാണ് ഈ ഗ്ഹാന്താ. ഈശോയുടെ മനുഷ്യാവതാരത്തിന്റെ ലക്ഷ്യവും ഈശോയുടെ പെസഹാരഹസ്യങ്ങളും അവിടുത്തെ രക്ഷാകരപ്രവർത്തനങ്ങളുടെ ഫലങ്ങളും ഓർക്കുന്ന മൂന്നാം ഗ്ഹാന്തായിൽ ഏതെങ്കിലും ഒരു മനുഷ്യവ്യക്തിയെ ഓർക്കുന്നുണ്ടെങ്കിൽ, അതു പരിശുദ്ധ കന്യകാമറിയത്തെ മാത്രമാണ്. അത്രമാത്രം ഈശോയുടെ രക്ഷാകരപ്രവർത്തനങ്ങളോടു സഹകരിച്ച വ്യക്തിയാണ് പരിശുദ്ധ അമ്മ. 2025 ൽ വിശ്വാസതിരുസംഘം പുറപ്പെടുവിച്ച 'മാത്തർ പോപ്പുളി ഫിദേലിസ്' എന്ന പ്രമാണരേഖയിൽ രക്ഷാകരചരിത്രത്തിലുള്ള മാതാവിന്റെ സഹകരണത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ഈശോയുടെ രക്ഷാകരകൃത്യവുമായി പരിശുദ്ധ മറിയം അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്നു (SC 103) എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നത്.

ഈശോയുടെ രക്ഷാകരരഹസ്യങ്ങളോട് ഏറ്റവും കൂടുതൽ സഹകരിച്ച വ്യക്തിയാണ് പരിശുദ്ധ കന്യകാമറിയം

**ഉപസംഹാരം**

പരിശുദ്ധ കുർബാനയിൽ വിശ്വാസികളുടെ വലിയ മാതൃകയാണ് പരിശുദ്ധ അമ്മ. എങ്ങനെ പരിശുദ്ധ കുർബാന സ്വീകരിക്കണമെന്ന് അമ്മ നമ്മെ പഠിപ്പിക്കുന്നു. പരിശുദ്ധ കന്യകാമറിയം ഈശോയെ ഉദരത്തിൽമാത്രമല്ല വഹിച്ചത്, മറിച്ച് ഹൃദയത്തിലും വഹിച്ചു. അതുപോലെ പരിശുദ്ധ കുർബാന നാം നാവിൽമാത്രം സ്വീകരിച്ചാൽ പോരാ, ഹൃദയത്തിലും സ്വീകരിക്കണം.

*മിശിഹായുടെ രഹസ്യങ്ങളുടെ ആണ്ടുവട്ടത്തിലുള്ള ആഘോഷംവഴി പരിശുദ്ധ സഭ ദൈവമാതാവായ ഭാഗ്യപ്പെട്ട മറിയത്തെ സവിശേഷ സ്നേഹത്തോടെ വണങ്ങുന്നു. അവൾ തന്റെ പുത്രന്റെ രക്ഷാകൃത്യത്തോട് അവിഭാജ്യമായ ബന്ധത്താൽ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നുവല്ലോ. അവളിൽ രക്ഷയുടെ ഏറ്റവും ഉന്നതമായ ഫലവും വിസ്മയത്തോടെ സഭ കാണുകയും പുകഴ്ത്തുകയും ചെയ്യുന്നു.*

**(SC 103)**

# അനുഗാമിയായി വരുന്നിതാ

അനിത ആത്രശ്ശേരിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്



മാനവ രക്ഷകൻ അമ്മനുവേലിതാ
മന്നിന്റെ നീതി നിവർത്തിതമാക്കുവാൻ,
ജോർദാൻ നദിയിലിറങ്ങുന്നിതത്ഭുതം
മാലോകരെല്ലാരും ഒന്നുപോൽ ദർശിച്ചു.
ത്രിയേകദൈവത്തിന്നാഗമം ഭൂതലേ,
താതൻ സ്വരത്താലണയുന്നു,
റൂഹായോ പ്രാവുപോലെത്തുന്നു.
ഇവൻ പ്രിയപുത്രൻ ഇവനെ ശ്രവിക്കുവിൻ
എൻ പ്രിയ സൂനുവിലെന്നും ഞാൻ പ്രീതൻ.
വാനിലും ഭൂവിലും ആനന്ദമേകുന്ന
മംഗളമീനാദം മാറ്റൊലി കൊള്ളുന്നു.
ദൈവമേ നിൻ സ്വന്തമെന്നപോൽ നിത്യവും
എന്നെ കരുതണേ, കാരുണ്യമേകണേ.
എൻ സ്നാനവേളയിലോതിയ നിൻമൊഴി
എന്നുമെൻ കാതിൽ മുഴങ്ങട്ടെ ദൈവമേ.
ഇടമുറിയാത്തൊരനുഗ്രഹപൂമഴ
ജീവിതവീഥിയിലെന്നും പൊഴിക്കണേ, കാക്കണേ.
ജന്മാവകാശമായി സ്വർഗം പതിച്ചേകും
കൂദാശാ ജീവിതമെന്നുടെ സമ്പാദ്യം.
ദൈവികദാനമെൻ പാഥേയമാക്കുവാൻ
സാഹോദര്യത്തിന്റെ സന്തോഷമേകണേ.
സഭയാകും തായയെൻ വീഥി തെളിക്കവേ,
പൈതലായി ഞാനുമവളിൽ വളർന്നിടും.
എൻ ദൈവമേ നിൻ തണലിൽ ചരിക്കുവാൻ
ഏകിയനുഗ്രഹമീ ജന്മജീവിതം.
നീയായി തീരുവാൻ, നിന്നിൽ ചരിക്കുവാൻ,
എന്നെ നിൻ സ്വന്തമായി, ഞാൻ നിന്റെ മാത്രമായി.
എന്നുമെൻ താതാ നിൻ പ്രീതി തേടുവാൻ
എൻ ജീവിതം നിന്റെ കൈകളിലേകുന്നു.
മായാത്ത മുദ്രയാൽ എന്നെ വിളിച്ചതാൽ,
മാറാത്തനുഗാമിയായി വരുന്നിതാ.



# ഈശോയുടെ മാമോദീസാ: മനുഷ്യവംശത്തിന്റെ മഹത്ത്വത്തിലേക്കുള്ള ഉദയം

സി. ഡോ. അനു കുരിശുംമൂട്ടിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**അ**ന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം വലിയൊരു പ്രകാശം കണ്ടു! രക്ഷകനായ ഈശോ ലോകത്തിന്റെ മധ്യേ ഉദിച്ചുയരുന്നതിന്, തന്റെ പരസ്യജീവിതം ആരംഭിക്കുന്നതിന്, തുടക്കം കുറിക്കുന്ന വേദിയാണ് ദനഹാത്തിരുനാൾ!

സ്നാപകയോഹന്നാൻ നൽകിയ മാമോദീസായും ഈശോയുടെ മാമോദീസായും സഭയിൽ ഇന്നു നൽകപ്പെടുന്ന മാമോദീസായും ധ്യാനവിഷയമാക്കുന്ന പുണ്യദിനമാണല്ലോ ദനഹാത്തിരുനാൾ! യോഹന്നാൻ നൽകിയ മാമോദീസായ്ക്ക് മിശിഹായിൽ വിശ്വസിക്കുന്നതിനുള്ള ഒരുക്കം എന്ന നിയോഗമാണുള്ളത്. ദൈവം നൽകുന്ന രക്ഷ സ്വീകരിക്കുവാനുള്ള അടിസ്ഥാനമാണ് അനുതാപം. തെറ്റുകളിൽനിന്ന് പടർന്നുപിടിച്ച അശുദ്ധിയും അജ്ഞതയിൽനിന്ന് ജന്മംകൊണ്ട അനാരോഗ്യവും അനുതാപത്താൽ തുടച്ചു മാറ്റാൻ യോഹന്നാൻ ഉദ്ബോധിപ്പിച്ചു.

ഈശോ പ്രാർത്ഥിച്ചു കൊണ്ടിരുന്നപ്പോൾ സ്വർഗം തുറക്കപ്പെട്ടു. ഈശോ മാമോദീസാ സ്വീകരിച്ചത് നമ്മെ ദൈവമക്കളാക്കുവാനാണ്. അങ്ങനെ മനുഷ്യമക്കളെ ദൈവമക്കളാക്കുന്ന ആത്മീയഉദരമാണ് സഭ നൽകുന്ന മാമോദീസാ. പരിശുദ്ധ ത്രിത്വത്തിന്റെ നാമത്തിൽ നാം സ്വീകരിക്കുന്ന മാമോദീസാവഴി ദൈവമക്കളുടെ മുദ്ര നമ്മിൽ പതിച്ചു. ദൈവത്തിന്റെ മക്കളും ഈശോയുടെ സഹോദരനും ദൈവരാജ്യത്തിലെ അംഗങ്ങളുമായി നമ്മെ ഉയർത്തുന്ന മാമോദീസാ ദൈവകാരുണ്യത്തിന്റെ ജ്വലിക്കുന്ന അടയാളമാണ്.

'ജോർദാൻ' എന്ന പദത്തിനർത്ഥം 'ഇറക്കം' എന്നാണ്. സ്വർഗത്തിൽനിന്ന് ഭൂമിയിലേക്ക് ഇറങ്ങിയ നമ്മുടെ രക്ഷകനായ കർത്താവിനെയാണ് ഇതു പ്രതിനിധീകരിക്കുന്നത്. സ്വർഗത്തിൽ നിന്നും പൊട്ടിപ്പുറപ്പെട്ട മനുഷ്യവർഗത്തെ മുഴുവൻ ശുദ്ധീകരിക്കാനായി ഒഴുകിയ നീരുറവ ഈശോമിശിഹാതന്നെയാണ്. രക്ഷാകരമായ സത്യജലത്താൽ അവനിലേക്ക് നമ്മൾ ജ്ഞാനസ്നാനം ചെയ്യപ്പെട്ടിരിക്കുന്നു. പ്രാവിന്റെ രൂപത്തിലാണ് പരിശുദ്ധാത്മാവ് എഴുന്നള്ളി വന്നത്. പരിശുദ്ധാത്മാവിനാൽ സ്നാനപ്പെട്ടവരുടെ ഏറ്റവും വലിയ സവിശേഷതയാണ് ലാളിത്യം. ദൈവകൃപ ഓരോ മനുഷ്യനിൽനിന്നും ലാളിത്യം ആവശ്യപ്പെടുന്നു. അതുകൊണ്ട് നമ്മൾ പ്രാവുകളെ പോലെ നിഷ്കളങ്കരായിരിക്കണം. ജലപ്രളയത്തെ അതിജീവിച്ച് സമാധാനവുമായി പേടകത്തിലേക്കുവന്ന പ്രാവിനെപ്പോലെ മാമോദീസായുടെ കൃപ സമാധാനം കൊണ്ടുവരുന്നു (ഉല്പ 8,10-11). ലോകത്തിനു സമാധാനം നൽകേണ്ട നിയോഗമാണ് ഓരോ ക്രിസ്ത്യാനിക്കുമുള്ളത്.

ഈശോ എന്തിനാണ് മാമോദീസാ സ്വീകരിച്ചത് എന്നതിന്റെ വ്യക്തവും കൃത്യവുമായ ഉത്തരമാണ് അലക്സാണ്ട്രിയായിലെ വിശുദ്ധ സിറിൽ തരുന്നത്: "ദൈവം മനുഷ്യവർഗ ത്തോടുള്ള അവിടുത്തെ സ്നേഹംകൊണ്ട് നമുക്കു രക്ഷയുടെയും ജീവന്റെയും വഴി പ്രദാനം ചെയ്തു. പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും വിശ്വസിക്കുകയും അതു മറ്റുള്ളവരുടെ മുമ്പിൽ സാക്ഷ്യപ്പെടുത്തുകയും ചെയ്യുമ്പോൾ നമ്മൾ നമ്മുടെ പാപക്കറകൾ കഴുകിക്കളയുന്നു. പരിശുദ്ധാരൂപിയാകുന്ന ദാനം നമ്മെ സമ്പന്നരാക്കി, ദൈവികസ്വഭാവത്തിൽ പങ്കുചേർത്ത്, ദൈവത്തിന്റെ ദത്തുപുത്ര സ്ഥാനത്തിനുള്ള കൃപ വർഷിക്കുകയും ചെയ്തു. നമ്മുടെ സാദൃശ്യം സ്വീകരിച്ച് തന്നെത്തന്നെ ശൂന്യനായികൊണ്ട് പിതാവിന്റെ വചനം നമുക്കുവേണ്ടി എല്ലാ നന്മകളുടെയും വഴിയും മാതൃകയുമായി മാറുക ആവശ്യമായിരുന്നു. കാരണം എല്ലാറ്റിനും ആരംഭമായവൻ ഇതിനുപോലും മാതൃക നൽകേണ്ടിയിരിക്കുന്നു. വിശുദ്ധ മാമോദീസായുടെ ശക്തി മനസ്സിലാക്കാനും അതിൽനിന്നു ലഭിക്കുന്ന വലിയ പ്രയോജനം ഉൾക്കൊള്ളാനും നമ്മൾ പഠിക്കുന്നതിനുവേണ്ടി അവിടുന്ന് സ്വയം തന്റെ ദൗത്യം ആരംഭിച്ചിരി ക്കുന്നു. മാമോദീസാ സ്വീകരിച്ച വ്യക്തി സ്വർഗവുമായി നിരന്തരം ബന്ധത്തിൽ ആയിരിക്കണ മെന്ന് തന്റെ പ്രാർത്ഥനയിലൂടെ ഈശോ നമ്മെ പഠിപ്പിച്ചു".

ദൈവമായ അവൻ കന്യകയുടെ ഉദരത്തിലൂടെ മനുഷ്യനായി; മനുഷ്യരായ നമ്മൾ മാമോദീസായാകുന്ന ഉദരത്തിലൂടെ ദൈവമക്കളുമായി. നമ്മെ പിതാവിന്റെ മക്കളാക്കുവാൻ വേണ്ടി അവൻ മനുഷ്യനായി. ശരീരത്തിൽ അവൻ പ്രത്യക്ഷപ്പെട്ടത് നമ്മെ അവന്റെ ആത്മീയതയിലേക്ക് പരിവർത്തിതരാക്കാൻ ആയിരുന്നു. അവൻ സ്ത്രീയിൽനിന്നു ജനിച്ചത് നമ്മെ പരിശുദ്ധാരൂപി യിൽ ജനിപ്പിക്കാൻ വേണ്ടിയായിരുന്നു. അവൻ പരിച്ഛേദനം സ്വീകരിച്ചത് നമ്മെ നിയമത്തിന്റെ അധീനതയിൽനിന്ന് വിമോചിക്കാൻ ആയിരുന്നു.

മാമോദീസായിലൂടെ സ്വീകരിക്കുന്ന പുതുജീവിതത്തിന്റെ കാതലായ സ്വഭാവം വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക പുണ്യങ്ങളിലുള്ള ജീവിതമാണ്. നമ്മെ സ്നേഹിക്കാനും രക്ഷിക്കാനും കരം നീട്ടി നിൽക്കുന്ന ദൈവത്തിന്റെ മുമ്പാകെയുള്ള സമർപ്പണമാണ് വിശ്വാസം! ഈ വിശ്വാസം ഫലമണിയുന്നതാകട്ടെ ദൈവസ്നേഹത്തിലും പരസ്പര സ്നേഹത്തിലുമാണ്. വിശ്വാസവും പ്രത്യാശയും ഫലം ചൂടി നിൽക്കുന്ന അവസ്ഥയാണ് നിത്യജീവനിലുള്ള പ്രത്യാശ!

മിശിഹാ നൽകുന്ന മാമോദീസായുടെ മേന്മ വിശുദ്ധനായ ബേസിൽ വിവരിക്കുന്നത് ഇപ്രകാരമാണ്: "മിശിഹാ നൽകുന്ന മാമോദീസാ മനുഷ്യന്റെ ഗ്രഹണശക്തിക്കെല്ലാം അപ്പുറ

*ജീവിതത്തിലോ മരണത്തിലോ ഒരിക്കലും ഉപേക്ഷിക്കാത്ത സുഹൃത്തുക്കളുടെ സമൂഹത്തിലേക്ക് മാമോദീസാവഴി ശിശു പ്രവേശിപ്പിക്കപ്പെടുന്നു. ... ശിശുവിനു പ്രവേശനം ലഭിച്ചിരിക്കുന്ന ഈ സുഹൃദ്സമൂഹം, ഈ ദൈവ കുടുംബം, എപ്പോഴും അവനോടൊപ്പം സഞ്ചരിക്കും. സഹനങ്ങളിലും ജീവിതത്തിന്റെ ഇരുണ്ട രാത്രികളിലും അങ്ങനെ ചെയ്യും. അത് അവന് ആശ്വാസവും സ്വസ്ഥതയും പ്രകാശവും നല്കും.*

*(ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ)*

മാണ്. മനുഷ്യന് അഭിലഷിക്കാവുന്നതിലും വലിയ മഹിമ ഇതിൽ അടങ്ങിയിരിക്കുന്നു. മഹിമയെ അതിശയിക്കുന്ന മഹത്ത്വമുള്ളതാണ് ഈ മാമോദീസാ. സൂര്യൻ മറ്റു നക്ഷത്രങ്ങളെ നിഷ്പ്രഭമാക്കുന്നതുപോലെ മറ്റു സ്നാനങ്ങളെ നിഷ്പ്രഭമാക്കുന്ന കൃപയുടെയും ശക്തിയുടെയും പ്രവാഹം ഇതിലുണ്ട്. ഈശോമിശിഹായിൽ നല്ല ദൈവം നമുക്കു നൽകിയിരിക്കുന്ന സ്നേഹത്തിന്റെയും കൃപയുടെയും സമ്പന്നതയെ ഉയർത്തിക്കാട്ടുന്നതാണ് ഈശോ നൽകുന്ന മാമോദീസാ.

മാമോദീസായിൽ നൽകപ്പെടുന്ന കൃപകളുടെയെല്ലാം ഉറവിടമായവൻതന്നെ മാമോദീസാ സ്വീകരിക്കുവാൻ യോർദാൻ നദിയിലേക്കു വന്നു. ഈശോ നൽകുന്ന സ്നാനം സകലരെയും ശുദ്ധീകരിക്കുന്നു. ഈശോയുടെ സ്നാനംവഴി അഗ്നിയും അരൂപിയും സ്വീകരിച്ച് എല്ലാ മാമോദീസാജലവും ശുദ്ധീകരിക്കപ്പെട്ടു. ഈശോ സ്നാനം സ്വീകരിച്ച ഉടനെ, അവൻ ജലത്തിൽ നിന്നു കയറുമ്പോൾ, അവന്റെ മഹത്ത്വം ഭൂമിക്കുമേൽ പ്രഭ ചൊരിയുന്നു. സ്വർഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുന്നു. പിതാവിന്റെ സ്വരം കേൾക്കുന്നു: "ഇവൻ എന്റെ പ്രിയപുത്രൻ. ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു".

ഈ ദനഹാത്തിരുനാളിൽ നമുക്ക് ദൈവത്തിനു നന്ദി പറയാം! ഹൃദയപൂർവ്വം അവിടുത്തെ ആരാധിക്കാം! കർത്താവേ അങ്ങേയ്ക്കു സ്തുതി! നിന്റെ മഹത്ത്വമാർന്ന വെളിപ്പെടൽ ഞങ്ങൾക്ക് ആനന്ദം പകരുന്നു നിന്റെ വെളിപ്പെടുത്തലിന്റെ പ്രഭയാൽ ലോകം മുഴുവൻ പ്രകാശിതമായിരിക്കുന്നു!




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**

# സെനക്കിൾ തരംഗം

### സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

സഭയുടെ ആരാധനാവത്സരത്തിൽ ദനഹാക്കാലത്തിലേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ഈശോയുടെ മാമോദീസായെ കേന്ദ്രമാക്കിക്കൊണ്ട് അവിടുത്തെ പരസ്യജീവിതത്തെ ധ്യാനവിഷയമാക്കുന്ന കാലഘട്ടമാണ് ദനഹാക്കാലം. ഈശോയുടെ സുവിശേഷം സ്വീകരിച്ചവരുടെ സമൂഹമാണല്ലോ സഭ. ഈ സുവിശേഷമാണ് നമ്മുടെ വിശ്വാസജീവിതത്തിൽ പ്രാവർത്തികമാക്കുന്നതും ആരാധനക്രമ ജീവിതത്തിൽ ആഘോഷിക്കുന്നതും പ്രാർത്ഥനാജീവിതത്തിൽ പ്രകാശിപ്പിക്കുന്നതും. ഇപ്രകാരം മിശിഹായുടെ സുവിശേഷ കേന്ദ്രീകൃതമായ സഭാജീവിതം നയിക്കുവാൻ ജനങ്ങളെ സഹായിക്കത്തക്കവിധം നമ്മുടെ അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

### സെനക്കിൾ വാർത്തകൾ

2025 ഡിസംബർ 9-10 തീതയികളിൽ ചങ്ങനാശ്ശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളിലുള്ള അപ്പസ്തോലിക് സൊദാലസ് വൈദികരുടെ പ്രതിമാസ മീറ്റിംഗ് കോട്ടയം മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് നടക്കുകയുണ്ടായി. സെനക്കിൾ വൈദികരുടെ തുടർപരിശീലനത്തിനായി തയ്യാറാക്കിയിട്ടുള്ള സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളാണ് ഇപ്രാവശ്യം പഠനത്തിനും പ്രാർത്ഥനയ്ക്കും പങ്കുവയ്ക്കലിനും വിഷയമാക്കിയത്. ക്രിസ്തീയ പൗരോഹിത്യത്തിന്റെ സ്വഭാവത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളുടെ വെളിച്ചത്തിലുള്ള പഠനവും പങ്കുവയ്ക്കലുകളും പങ്കുചേർന്നവർക്കു പ്രയോജനപ്രദമായി. ഡിസംബർ 12-ാം തീയതി നടന്ന 'സൊദാലെസ് ആസ്പിരന്റ്സ്' മീറ്റിൽ, സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടുകളെക്കുറിച്ചുള്ള പൗരസ്ത്യസഭാ നിയമസംഹിത പഠനവിഷയമാക്കുകയും ചെയ്തു.

# ടർഫിൽ പെയ്ത മഴ



**ജിജി പുല്ലത്തിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**അ**ന്താരാഷ്ട്രനിലവാരത്തിൽ ഹയർസെക്കന്ററി സ്കൂളിൽ പുതുതായി പണിതീർത്ത ഫുഡ്ബോൾ ടർഫ് സ്കൂളിന്റെ മാത്രമല്ല നാടിന്റെ മുഴുവൻ ആവേശമായിരുന്നു.

അന്ന്, തെളിഞ്ഞ നീലാകാശത്തേക്കാളും തെളിമയുണ്ടായിരുന്നു ആ സ്കൂളിലെ പ്രൈമറി വിഭാഗം കുരുന്നുകളുടെ മുഖത്ത്. അവരുടെ തിളങ്ങുന്ന സന്തോഷത്തിന് വെയിലിനേക്കാൾ തിളക്കമുണ്ടായിരുന്നു. കാരണം പുതിയവർഷത്തിലെ ആദ്യത്തെ അസംബ്ലി നടക്കുന്നത് പുതുതായി പണിതീർത്ത ടർഫിലാണ്!!! പച്ചപ്പട്ടുവിരിച്ച പുൽമൈതാനത്തിൽ കുഞ്ഞിക്കാലുകൾ ചവിട്ടി ഒന്നാം ക്ലാസ്സുകാർ ആഹ്ലാദത്തോടെ പറഞ്ഞു, “പച്ചപ്പുല്ല്... കറുത്തപുല്ല്....” കൊച്ചുകുട്ടികളുടെ ശബ്ദം ടർഫിൽ പുതുമഴപോലെ പടർന്നു.

കുട്ടികളെ വരിവരിയായി കൃത്യമായ അകലത്തിൽ നിർത്തി അസംബ്ലി ആരംഭിച്ചു. മാനേജരച്ചൻ അതീവ സന്തോഷവാനായി കുട്ടികൾക്ക് സന്ദേശം നൽകിക്കൊണ്ടിരിക്കവെ, പെട്ടെന്ന് അന്തരീക്ഷം മാറി. ആകാശത്ത് കാർമേഘങ്ങൾ നിറഞ്ഞു. മഴ തിമിർത്ത് പെയ്യാൻ തുടങ്ങി. പിന്നീടെല്ലാം ദ്രുതഗതിയിലായിരുന്നു. ടർഫിന്റെ വാതിലുകൾ തുറന്ന് അധ്യാപകർ കുട്ടികളെ മഴനനയാതെ സുരക്ഷിതമായ ചെറിയ ഗ്രൗണ്ടിലേക്കു പ്രവേശിപ്പിച്ചു. വിശാലമായ ടർഫിൽനിന്നും പെട്ടെന്ന് ഇടുങ്ങിയ സ്ഥലസാഹചര്യങ്ങളിൽ കുട്ടികളെ വരിയായിനിർത്തി അസംബ്ലി പുനരാരംഭിക്കുവാൻ അധ്യാപകർ കഠിനമായി കഷ്ടപ്പെട്ടു. ഇതിനിടയിൽ കണ്ട കാഴ്ച കണ്ണുകളെ ഈറനണിയിച്ചു!! അധ്യാപകർ സാരിത്തലപ്പുകൊണ്ടും ചുരിദാറിന്റെ ഷോളുകൊണ്ടും കുഞ്ഞുങ്ങളുടെ തല തുവർത്തി കൊടുക്കുന്നു. അമ്മമാരുടെ “കരുതൽ കാഴ്ചകൾ”!!! അപ്രതീക്ഷിതമായി കാര്യങ്ങൾ മാറിമറിഞ്ഞപ്പോൾ പുനർക്രമീകരണം നടത്തി, അസംബ്ലിയുടെ ബാക്കിഭാഗം പൂർത്തിയാക്കി കുട്ടികൾക്കുള്ള സമ്മാനം വിതരണം ചെയ്തുകഴിഞ്ഞപ്പോഴേക്കും മഴ ശമിച്ചിരുന്നു. അസംബ്ലിക്ക് വന്നതിനേക്കാളും ആനന്ദാരവങ്ങളോടെ കുഞ്ഞുങ്ങൾ ക്ലാസ്സുകളിലേക്ക് മടങ്ങിപ്പോയി.

ഉച്ചയായപ്പോൾ അധ്യാപകർ ഇൻ ചാർജ് സിസ്റ്ററിനോടു പറഞ്ഞു: “എല്ലാ സൂപ്പറാകുമായിരുന്നു, മഴ പെയ്തില്ലായിരുന്നുവെങ്കിൽ....” മറുപടിയായി ഇൻ ചാർജ് സിസ്റ്റർ പറഞ്ഞു: “മഴ പെയ്തതാണ് സൂപ്പറായത്!!! അപ്രതീക്ഷിതമായിട്ടുണ്ടാകുന്ന ജീവിതപ്രതിസന്ധികളെ എങ്ങനെ നേരിടണമെന്നുള്ള പ്രകൃതിപാഠം നമ്മുടെ കുഞ്ഞുങ്ങൾക്കു ബാല്യത്തിലെ പകർന്നുനൽകുവാൻ അപ്രതീക്ഷിതമഴയാണ് നമ്മെ സഹായിച്ചത്. അവർ വളർന്നുവരുമ്പോൾ പെട്ടെന്നുണ്ടാ

കുന്ന ക്രമക്കേടുകളെ സഹിഷ്ണുതയോടും സഹവർത്തിത്വത്തോടുംകൂടെ പുനഃക്രമീകരണം നടത്തുവാൻ ഇത്തരം അനുഭവങ്ങളിലൂടെയാണവർ പഠിക്കുന്നത്. വളർന്നുവരുന്ന കുഞ്ഞുങ്ങളുടെ നല്ല വളർച്ചക്കുള്ള വളമായിരുന്നു ടർഫിൽ പെയ്ത മഴ".

അധ്യാപകരെ അഭിനന്ദിച്ചു സംസാരിച്ച സിസ്റ്ററിനെ സങ്കടത്തിലാഴ്ത്തിയത് വൈകുന്നേരം വന്ന രക്ഷിതാവിന്റെ പരാതികളായിരുന്നു.... "എന്തു പരിപാടിയാ നിങ്ങൾ കാണിച്ചത്? കൊച്ചുകുട്ടികളെ എന്തിനാ മഴ നനച്ചത്? മഴപെയ്യുമെന്ന് അറിയാമായിരുന്നെങ്കിൽ എന്തിനാ അസംബ്ലി നടത്തിയത്? ആകെ ഒരെണ്ണമേയുള്ളു. കാറ്റും മഴയും വെയിലും കൊള്ളാതെ പൊന്നുപോലെയാ വളർത്തുന്നത്. നിങ്ങൾക്ക് തോന്ന്യാസം വളർത്താനുള്ളതല്ല എന്റെ കൊച്ച്. കന്യാസ്ത്രീക്കതറിയില്ലല്ലോ". വായിൽ തോന്നിയത് അയാൾ വിളിച്ചുപറഞ്ഞപ്പോഴെല്ലാം സിസ്റ്റർ നിശബ്ദയായിരുന്നു.

പ്രിയ ചങ്ങാതി നീ വിചാരിക്കുന്നുണ്ടാകും ദനഹാക്കാലത്ത് എന്തിനാ ഇങ്ങനെ ഇതൊക്കെ വലിച്ചുവാരി എഴുതുന്നത് എന്ന്. കാര്യമുണ്ട്, സുഹൃത്തേ....

ഈശോയുടെ മാമോദീസാവേളയിൽ സ്വർഗം തുറക്കപ്പെട്ടു. "ദൈവാത്മാവ് പ്രാവിന്റെ രൂപത്തിൽ തന്റെമേൽ ഇറങ്ങിവരുന്നത് അവൻ കണ്ടു. ഇവൻ എന്റെ പ്രിയപുത്രൻ ഇവനിൽ ഞാൻ സംപ്രീതനായിരിക്കുന്നു എന്ന് ഒരു സ്വരം സ്വർഗ്ഗത്തിൽ നിന്നും കേട്ടു" (മത്താ 3,16-7). ഒറ്റ മകനേ ഉണ്ടായിരുന്നുള്ളൂ!!! സ്വർഗീയസ്നാനം സ്വീകരിച്ച മകനെ പിതാവു നയിച്ചത് മരുഭൂമിയിലേക്കാണ് (മത്താ 4,1-11). ബഹുസ്വരങ്ങളുടെ മധ്യത്തിൽനിന്ന് സാന്ദ്രമൗനത്തിലേക്ക്.!!! ദൗത്യം ആരംഭിക്കുന്നതിനു മുമ്പ് (മത്താ4,4) കടുത്ത പരീക്ഷണങ്ങളിലൂടെ പിതാവ് മകനെ പരിശീലിപ്പിച്ചു. ഭൂമിയിൽ തന്റെ മകന് സ്വർഗ്ഗീയ പിതാവു നൽകിയ പരിശീലനം!!! മരുഭൂമിയിലെ അഗ്നിശോധനയെ അതിജീവിച്ച മകൻ എന്നും പിതാവിന്റെ പ്രിയപുത്രനായിരുന്നു. അവസാന തുള്ളിരക്തംവരെ ചിന്തി പിതാവിന്റെ ഹിതം നിറവേറ്റി, പിതാവിന്റെ ഏകജാതൻ!!! പിതാവും പുത്രനും തമ്മിൽ അത്രമേൽ സ്നേഹത്തിലായിരുന്നു. അത്രമേൽ ഐക്യത്തിലായിരുന്നു!!!

എന്നാൽ ഇന്നോ... മഴയും വെയിലും കൊള്ളിക്കാതെ മക്കളെ വളർത്തുന്ന മാതാപിതാക്കൾക്ക് തീരാത്ത വേദനയും തോരാത്ത കണ്ണീരുമല്ലേ മക്കൾ സമ്മാനിക്കുന്നത്!!! നിർമ്മിത ബുദ്ധിയുടെ ഈ കാലത്ത് മക്കൾ മാതാപിതാക്കളുടെ കാലന്മാരായി മാറുന്നു. പെട്ടെന്നുണ്ടാകുന്ന വൈകാരികവിക്ഷോഭത്തിൽ 'ആൺസുഹൃത്ത്' 'പെൺസുഹൃത്തിനെ' കല്ലുകൊണ്ട് കൊല്ലുന്നു. ഇത്തരം വാർത്തകളൊക്കെ സാധാരണമായി മാറിക്കഴിഞ്ഞു ഏതെങ്കിലും പ്രശ്നത്തിനു പരിഹാരം കണ്ടെത്തുന്നത് ഒരാൾ മറ്റുള്ളവരെ കൊന്ന് കുറ്റവാളിയായിക്കൊണ്ടാണ്. എവിടെയൊക്കെയോ നമുക്കു തെറ്റിയില്ലേ....? മരുഭൂമിയനുഭവങ്ങളിലൂടെ നാമും നമ്മുടെ മക്കളും കടന്നുപോകാത്തതുകൊണ്ടല്ലേ ഡിജിറ്റൽ യുഗത്തിൽ അക്രമങ്ങൾ പെരുകാൻ കാരണം...?

അനുദിനം വർദ്ധിച്ചുവരുന്ന വിശ്വാസത്തിന്റെ പ്രതിസന്ധികളെ അതിജീവിച്ച് വിശ്വാസത്തിന്റെ പ്രഭ വിതറാൻ ജീവിതം പ്രകാശപൂരിതമാക്കാൻ ദനഹാക്കാലം നമ്മെ ആഹ്വാനം ചെയ്യുകയാണ്. ജീവിതമാകുന്ന ടർഫിൽ മാനസികസംഘർഷങ്ങളുടെയും കഷ്ടപ്പാടിന്റെയും കടബാധ്യതകളുടെയും മാറാരോഗങ്ങളുടെയും അപ്രതീക്ഷിത സംഭവങ്ങളുടെയും പെരുമഴക്കാലമുണ്ടാകാം. അത്തരത്തിലുള്ള അനുഭവങ്ങളെ പ്രത്യാശയോടെ അതിജീവിക്കാൻ പുതിയ വർഷത്തിൽ പുതിയ പ്രകാശം പ്രസരിപ്പിക്കുവാൻ നമുക്കു പരിശ്രമിക്കാം. അപ്പോൾ നമ്മുടെ ജീവിതം അനുഗ്രഹീതമാകും. ദൈവദാസൻ വില്യം ജക്വീന്താ പറയുന്നു: "നമ്മിലൂടെ കടന്നുപോകുന്നത് പ്രകാശമാണെങ്കിൽ ഇരുളിൽ തെളിയുന്ന പ്രകാശംപോലെ അത് എല്ലാവരെയും ആകർഷിക്കുന്നു, പ്രകാശമാനമാക്കുന്നു".



# വെളിച്ചമായി മനുഷ്യരിലേക്കിറങ്ങിയ ദൈവം

**സുജ ചോതിരക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**മ**നുഷ്യഹൃദയത്തിന്റെ അന്ധകാരത്തിലേക്ക് ദൈവം വെളിച്ചമായി ഇറങ്ങിവന്നതിന്റെ, വെളിപ്പെടുത്തലിന്റെ മഹാസമയമാണ് ദനഹാ. ദൈവം മനുഷ്യരോടു സംസാരിച്ചതിന്റെ, മനുഷ്യ ജീവിതത്തിലേക്കു കടന്നുവന്നതിന്റെ, അതിമനോഹരമായ ഓർമ്മപ്പെടുത്തൽ!!!

യോർദാൻനദിയുടെ നിശ്ശബ്ദതയിൽ ഈശോ മാമോദീസാ സ്വീകരിക്കുന്ന നിമിഷം ആകാശം തുറക്കപ്പെടുന്നു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവരുന്നു. പിതാവിന്റെ ശബ്ദം ലോകത്തോട് പ്രഖ്യാപിക്കുന്നു: "ഇവൻ എന്റെ പ്രിയപുത്രൻ; ഇവനിൽ ഞാൻ പ്രസാദി ച്ചിരിക്കുന്നു". ആ നിമിഷം മനുഷ്യചരിത്രം ദൈവികതയെ സ്പർശിക്കുന്നു. ദൈവം മറഞ്ഞുനിന്ന് സംസാരിക്കുന്നതല്ല; മനുഷ്യരോടൊപ്പം നിൽക്കുന്നവനായി സ്വയം വെളിപ്പെടുത്തുന്ന മുഹൂർത്തമാണത്.

പാപരഹിതനായ ഈശോ മാമോദീസാ സ്വീകരിച്ചത് വിനയത്തിന്റെ അത്യുന്നത രൂപമായാണ്. മനുഷ്യവേദനകളിലേക്കും ദൗർബല്യങ്ങളിലേക്കും ഇറങ്ങിവരുന്ന ദൈവത്തിന്റെ ഹൃദയമാണ് അവിടെ വെളിപ്പെടുന്നത്. അധികാരത്തിന്റെയും മഹത്ത്വത്തിന്റെയും ഔന്നത്യത്തിൽ നിന്നല്ല, മറിച്ച് സാധാരണ മനുഷ്യരുടെ നിരയിൽനിന്ന് ദൈവം തന്റെ ദൗത്യം ആരംഭിക്കുന്നു.

ദനഹാ നമ്മെ നമ്മുടെ സ്വന്തം മാമ്മോദീസാ ഓർമ്മകളിലേക്കു തിരികെ വിളിക്കുന്നു. അന്നേദിവസം നാം വെളിച്ചത്തിന്റെ മക്കളായി പ്രഖ്യാപിക്കപ്പെട്ടു. എന്നാൽ ജീവിതത്തിന്റെ തിരക്കുകളിലും ആകാംക്ഷകളിലും ആ വെളിച്ചം പലപ്പോഴും മങ്ങിപ്പോകുന്നു. വിശ്വാസം ഒരു

ആചാരമായി ചുരുങ്ങുകയും ദൈവാനുഭവം ഒരു ഓർമ്മയായി മാറുകയും ചെയ്യുന്ന നിമിഷങ്ങൾ നമ്മിൽ പലർക്കും പരിചിതമാണ്.

ഒരു ചെറുദീപം തെളിഞ്ഞാൽ മുറിയിലെ അന്ധകാരം സ്വയം പിന്മാറും. അന്ധകാരത്തോടു യുദ്ധം ചെയ്യേണ്ടതില്ല; വെളിച്ചം തെളിയിച്ചാൽ മതി. അതുപോലെ, നമ്മുടെ ജീവിതത്തിലെ അന്ധകാരങ്ങളെ മാറ്റിമറിക്കാൻ വലിയ പ്രഖ്യാപനങ്ങൾ വേണ്ട; മിശിഹായെ ജീവിതത്തിന്റെ കേന്ദ്രമായി ക്ഷണിച്ചാൽ മതി. ദനഹാക്കാലം അതിനുള്ള ദൈവിക ക്ഷണമാണ്.

ദനഹാ വെളിച്ചത്തിന്റെ കാലമാണ്, എന്നാൽ അത് കേവലം ആകാശത്തിൽ നിന്നിറങ്ങുന്ന വെളിച്ചമല്ല. അതു നമ്മുടെ കണ്ണുകളിൽ, വാക്കുകളിൽ, പ്രവൃത്തികളിൽ തെളിയേണ്ട വെളിച്ചമാണ്. കുടുംബങ്ങളിൽ സമാധാനമായി, സമൂഹത്തിൽ നീതിയായി, വേദനിക്കുന്നവരോടുള്ള കരുണയായി ആ വെളിച്ചം മാറണം.

നമ്മുടെ ഓരോരുത്തരുടെയും മാമോദീസായിലൂടെ ദൈവം നമ്മോടും ഇപ്രകാരം പറയുന്നു: “നീ എന്റെ പ്രിയമകനാണ്, പ്രിയമകളാണ്”. ദനഹാക്കാലം നമ്മുടെ മാമോദീസാ വാഗ്ദാനങ്ങൾ പുതുക്കി ചിന്തിക്കാനും, ദൈവത്തിന്റെ മക്കളായി ജീവിക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കാനും നമ്മെ പ്രേരിപ്പിക്കുന്നു.

ദനഹാ വെറും ഒരു ഓർമ്മയാഘോഷമല്ല; അത് ഒരു ദൗത്യത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ഈശോ ലോകത്തിന്റെ പ്രകാശമാണ്; ഇന്ന് ആ പ്രകാശം ലോകത്തു പ്രതിഫലിക്കേണ്ടത് നമ്മുടെ ജീവിതത്തിലൂടെയാണ്. നമ്മുടെ വാക്കുകളിലൂടെ ആശ്വാസം പകരുമ്പോഴും, പ്രവൃത്തികളിലൂടെ സ്നേഹം പ്രകടിപ്പിക്കുമ്പോഴും, കുടുംബങ്ങളിലും സമൂഹങ്ങളിലും സമാധാനം വളർത്തുമ്പോഴും നാം ദനഹായുടെ സാക്ഷികളാകുന്നു.

ദനഹാക്കാലം നമ്മെ വിളിക്കുന്നത് ദൈവികവെളിപാടിന്റെ പ്രകാശത്തിൽ നമ്മുടെ ജീവിതം മാറ്റിപ്പണിയാനാണ്. അന്ധകാരങ്ങളിൽനിന്ന് പ്രകാശത്തിലേക്ക്, സ്വാർത്ഥതയിൽനിന്ന് സ്നേഹത്തിലേക്ക്, നിരാശയിൽനിന്ന് പ്രത്യാശയിലേക്ക് നയിക്കുന്ന ഒരു ആത്മീയയാത്രയാണ് ദനഹാ. ദൈവം നമുക്കും നമ്മിലൂടെ ലോകത്തിനും വെളിപ്പെടുന്ന ഈ കാലം നമ്മുടെ വിശ്വാസജീവിതത്തിന് പുതിയ ദിശയും ആഴവും നൽകട്ടെ.

ഈ ദനഹാ കാലം നമ്മോട് ചോദിക്കുന്നു: നിന്റെ ജീവിതത്തിൽ ഞാൻ എവിടെയാണ് വെളിപ്പെടുന്നത്? നമ്മുടെ ജീവിതം ദൈവസ്നേഹത്തിന്റെയും ദൈവിക സാന്നിദ്ധ്യത്തിന്റെയും ഒരു വെളിപ്പെടുത്തലായി മാറുമ്പോഴാണ് ദനഹായുടെ അർത്ഥം പൂർത്തിയാകുന്നത്. ദൈവം നമുക്കു വെളിപ്പെട്ടതുപോലെ നമ്മിലൂടെ ലോകത്തിനും അവിടുന്നു വെളിപ്പെടട്ടെ. അതാണ് ദനഹാ നമുക്കു നല്കുന്ന സന്ദേശം.



# ഞാൻ ആരാണ്?



**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒ**രു മനുഷ്യൻ ആരാണ്, എന്താണ് അയാളുടെ സ്വഭാവം എന്നെല്ലാം വ്യക്തമാക്കിത്തരുന്നതാണ് അയാളുടെ വ്യക്തിത്വം. സാഹചര്യങ്ങളിലൂടെയാണ് ഓരോരുത്തരും തങ്ങളുടെ തനിമയെ വെളിപ്പെടുത്തുക. ഇത്തരം ഒരു വെളിപ്പെടുത്തലാണ് ഈശോയുടെ മാമോദീസായിൽ സംഭവിക്കുക. കേരളക്കരയിൽ പല പേരുകളിൽ ആഘോഷിക്കപ്പെടുന്ന ദനഹാത്തിരുനാളിൽ പരസ്യജീവിതത്തിനു തുടക്കംകുറിച്ച ഈശോയുടെ മാമോദീസായും പരിശുദ്ധ ത്രിത്വത്തിന്റെ പ്രത്യക്ഷീകരണവുമൊക്കെയാണ് നാം അനുസ്മരിക്കുന്നത്. അവിടുത്തെ ദൈവത്വം വെളിപ്പെടുത്തപ്പെട്ട ജോർദാൻ നദിയിൽവച്ച് സ്നാപകനിൽനിന്നും ഈശോ മാമോദീസാ സ്വീകരിക്കുമ്പോൾ സ്വർഗം തുറക്കപ്പെടുകയും പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപം ധരിച്ച് അവനിൽ ആവസിക്കുകയും "ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" (മത്താ 3,17) എന്ന ദൈവപിതാവിന്റെ സ്ഥിരീകരണവചനം ഉണ്ടാവുകയും ചെയ്യുന്നു. ഈശോ മിശിഹായുടെ ദൈവത്വത്തെക്കുറിച്ച് വ്യക്തമായ വെളിപാടു നൽകപ്പെട്ട ഒരു അവസരംകൂടിയാണ് ഈശോയുടെ മാമോദീസാ. ഈശോയുടെ സ്നാനവേളയിലുണ്ടായ സ്വർഗ്ഗപിതാവിന്റെ ശബ്ദവും പുത്രന്റെമേൽ പ്രാവിന്റെ രൂപത്തിലുള്ള പരിശുദ്ധ റൂഹായുടെ ആവാസവും പരിശുദ്ധ ത്രിത്വത്തെ ലോകത്തിന് അനാവരണം ചെയ്യുകയാണ്, പുത്രന്റെ ദൗത്യം പിതാവ് ലോകത്തെ അറിയിക്കുകയാണ്.

താൻ ആരാണ്, എന്തിനു വേണ്ടിയാണ് താൻ ഈ ലോകത്തിലേക്ക് വന്നത് എന്നതെല്ലാം തന്റെ ജീവിതത്തിലൂടെ ഈശോ ഈ ലോകത്തിനു വെളിപ്പെടുത്തി. അവന്റെ വാക്കുകൾ, പ്രവൃത്തികൾ, തന്നെ സമീപിച്ചവരോടെല്ലാം ഇടപെട്ട രീതികൾ എല്ലാം താൻ ദൈവത്തിൽ നിന്നുള്ളവനും ദൈവത്താൽ അയയ്ക്കപ്പെട്ടവനും ആണെന്നതിന്റെ വ്യക്തമായ തെളിവുകളായിരുന്നു. "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു" (യോഹ 9,5) എന്ന ഈശോയുടെ വാക്കുകൾ അന്വർത്ഥമാക്കുന്നതായിരുന്നു അവിടുത്തെ ജീവിതം. ലോകത്തോടുള്ള ദൈവപിതാവിന്റെ സ്നേഹവും കാരുണ്യവും പ്രകാശിതമായത് ഈശോയിലാണ്.

ഈശോയെ അനുഗമിക്കുന്നവരായ നമ്മുടെ ജീവിതത്തിലും അവിടുന്ന് നിരന്തരം പ്രകാശിപ്പിക്കപ്പെടണം. നമ്മിൽ ഓരോരുത്തരിലും ഈശോ ജീവിക്കുന്നു എന്നതിന്റെ അടയാള

ങ്ങൾ ലോകത്തിനു ദർശിക്കാൻ സാധിക്കണം. "അപ്രകാരം മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട് സ്വർഗസ്ഥനായ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ" (മത്താ 5,16) എന്ന നമ്മുടെ കർത്താവിന്റെ ആഹ്വാനം ഹൃദയത്തിലും ജീവിതത്തിലും ഉൾക്കൊള്ളുവാൻ നാം തയ്യാറാകുമ്പോഴാണ് സത്യവെളിച്ചമായ അവിടുത്തെ ലോകം അറിയുന്നതിന് ഇടയാവുക. നമ്മുടെ ചുറ്റും ജീവിക്കുന്നവരും നാമുമായി ബന്ധപ്പെടുന്ന എല്ലാവരും നമ്മിലൂടെയാണ് ഈശോ ആരാണെന്ന് തിരിച്ചറിയേണ്ടത്.

യഥാർത്ഥത്തിൽ നാം ആരാണെന്ന തിരിച്ചറിവ് ഇവിടെ അനിവാര്യമാണ്. "ഞാൻ ആരാണ്? എങ്ങനെയുള്ള സ്വഭാവമാണ് എനിക്കുള്ളത്? ഞാൻ എന്തു ചിന്തിക്കുന്നു? എന്നതെല്ലാം ജീവിതത്തിലെ പല സന്ദർഭങ്ങളിലായി വെളിപ്പെടാറുണ്ട്. നാം ഒരു പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടി വരുമ്പോൾ, ദുഃഖകരമായ അനുഭവങ്ങൾ ഉണ്ടാകുമ്പോൾ, സന്തോഷം പങ്കിടുമ്പോൾ, വഴക്കിടുമ്പോൾ ഒക്കെയും നമ്മുടെ യഥാർത്ഥ സ്വഭാവം വെളിപ്പെടും. നമ്മൾ അതുവരെ പുറത്തു കാണിച്ചതോ, പറഞ്ഞതോ, പ്രവർത്തിച്ചതോ അല്ല അപ്പോൾ വെളിപ്പെടുക. നമ്മിലെ മാനുഷിക മുഖം, നമ്മുടെ വ്യക്തിത്വം, അതിന്റെ തനിമയിൽ മറ്റുള്ളവർക്കു വ്യക്തമാകുന്ന സന്ദർഭങ്ങളാണ് അവ.

സൃഷ്ടികർമ്മത്തിൽ ജലത്തിന്മേൽ ചലിച്ചിരുന്ന ദൈവചൈതന്യം യോർദാനിൽ ഈശോയുടെമേൽ പ്രാവിന്റെ രൂപത്തിൽ ഇറങ്ങിവന്നു. പരിശുദ്ധ ത്രിത്വത്തിന്റെ ഈ വെളിപ്പെടുത്തലിലൂടെ ത്രിത്വകൂട്ടായ്മയിലേയ്ക്കു പ്രവേശിക്കാനുള്ള വാതിൽ വിശുദ്ധ മാമോദീസായിലൂടെ നമുക്കും തുറന്നു കിട്ടി. കൂദാശകളിലൂടെയും മറ്റു ഭക്തകൃത്യങ്ങളിലൂടെയും പരിപോഷിപ്പിക്കപ്പെടുന്ന നമ്മുടെ ക്രൈസ്തവ ജീവിതം "ഇവൻ എന്റെ പ്രിയപുത്രനാകുന്നു" എന്ന് സ്വർഗ്ഗത്തിനു പറയുവാൻ സാധ്യമാകുന്നവിധം ക്രമപ്പെടുത്തുവാൻ നമുക്കു സാധിക്കേണ്ടതുണ്ട്.

ജോർദാനിൽ വെളിവാക്കപ്പെട്ട രക്ഷാകരരഹസ്യം തങ്ങളുടെ ജീവിതത്തിലൂടെ ലോകത്തിനു വെളിപ്പെടുത്തിയ വിശുദ്ധരെ തിരുസഭ ദനഹാക്കാലത്തിൽ അനുസ്മരിക്കുന്നുണ്ട്. ഈശോയ്ക്കു സാക്ഷികളായിത്തീരുവാൻവേണ്ടി തങ്ങളിലെ മാനുഷികതകളെ ദൈവികമാക്കിത്തീർക്കുവാൻ അവരെല്ലാം പരിശ്രമിച്ചു. അതിലുപരി ഈശോയിൽ വെളിപ്പെടുത്തപ്പെട്ട ദൈവസ്നേഹത്തെ ധ്യാനിച്ച് അവർ തങ്ങളുടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തി. അത് അവരുടെ ചെയ്തികളിൽ പ്രതിഫലിച്ചു. അതുപോലെ വിശുദ്ധ മാമോദീസാ സ്വീകരിച്ചവരായ നാം ലോകത്തിന്റെ പ്രകാശമായ ഈശോയെ ലോകത്തിനു വെളിപ്പെടുത്തുന്ന വിശുദ്ധ ജീവിതങ്ങളായി രൂപാന്തരപ്പെടേണ്ടതിന് പ്രകാശത്തിന്റെ ഈ തിരുന്നാളിൽ നമുക്കും പ്രതിജ്ഞയെടുക്കാം. 'ഞാൻ ആരാണ്' എന്ന ചോദ്യത്തിന് ദൈവത്തിന്റെ പ്രിയപുത്രനാണ്, പ്രിയപുത്രിയാണ് എന്ന ഉത്തരം ലഭിക്കത്തക്കതുപോലെ ജീവിതം രൂപാന്തരപ്പെടുത്താം.

*നീ ദൈവകൃപയുടെ ഒരു ശിശുവാണ്. ദൈവം നിനക്കു കൃപ നല്കിയെങ്കിൽ, അതു സൗജന്യമായി നിനക്കു നല്കിയതുകൊണ്ട് സൗജന്യമായി നീ സ്നേഹിക്കണം. പ്രതിസമ്മാനത്തിനുവേണ്ടി ദൈവത്തെ സ്നേഹിക്കരുത്. ദൈവമായിരിക്കട്ടെ നിനക്കുള്ള പ്രതിസമ്മാനം.*

*(വി. ആഗസ്തീനോസ്)*



# ജോസിയാ

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**യൂ**ദാരാജാവായ ആമോന്റെയും യദീയായുടെയും പുത്രനാണ് ജോസിയ. രാജാവാകുമ്പോൾ അവന് എട്ട് വയസ്സായിരുന്നു പ്രായം. മുപ്പത്തൊന്നുവർഷം ജറുസലേമിൽ അവൻ ശ്രേഷ്ഠമായ ഭരണം കാഴ്ചവച്ചു (2 ദിന 34,1). മനാസ്സെയുടെയും (55 വർഷം) ആമോന്റെയും (2 വർഷം) 57 വർഷത്തെ ദുർഭരണംമൂലം അധഃപതിച്ച യൂദായെ നവീകരിച്ചുയർത്തുക അത്ര എളുപ്പമായിരുന്നില്ല. ദൈവാരാധനയിൽനിന്ന് അകന്നുമാറിയ ജനം വിഗ്രഹാരാധനയും പാപകരമായ ജീവിതവും നയിച്ചിരുന്നു. ദൈവമായ കർത്താവിന്റെ ആലയവും ഉത്സവങ്ങളും അവർക്ക് അന്യമായി. അതോടെ മോശ വഴി നല്കപ്പെട്ട നിയമഗ്രന്ഥം ജനത്തിന് അപരിചിതമായി മാറി. ദൈവത്തിന്റെ പ്രമാണങ്ങൾ പഠിക്കുവാനും ജനത്തെ പഠി

പ്പിക്കാനും ആരും ഇല്ലാതായി. കാരണം ദൈവജനം ഒന്നിച്ചുകൂടുന്ന ഉത്സവദിനങ്ങളിലായിരുന്നു അവർ വിശുദ്ധ ഗ്രന്ഥം പഠിച്ചിരുന്നത്. ഈ അന്ധകാരത്തിന്റെ കാലത്താണ് ബാലനായ ജോസിയാ രാജാവായി ഭരണമേൽക്കുക.

ജോസിയ എന്ന വാക്കിനർത്ഥം 'യഹോവ സുഖപ്പെടുത്തുന്നു' എന്നാണ്. അവന്റെ ജനനത്തിനുമുമ്പേ ഈ പേര് അദ്ദേഹത്തിനു നൽകപ്പെട്ടിരുന്നു. കർത്താവിന്റെ കല്പനയനുസരിച്ച് ഒരു ദൈവപുരുഷൻ ബഥേലിനെതിരെ നടത്തുന്ന പ്രവചനഭാഗത്താണ് പ്രസ്തുത പേര് നിർദ്ദേശിക്കപ്പെടുന്നത്: "അല്ലയോ ബലിപീഠമേ, കർത്താവ് അരുളിച്ചെയ്യുന്നു. ദാവീദിന്റെ ഭവനത്തിൽ ജോസിയാ എന്ന ഒരു പുത്രൻ ജനിക്കും. നിന്റെമേൽ ധൂപാർപ്പണം നടത്തുന്ന പൂജാഗിരിയിലെ പുരോഹിതന്മാരെ അവൻ നിന്റെമേൽ വച്ച് ബലിയർപ്പിക്കും. മനുഷ്യാസ്ഥികൾ നിന്റെമേൽ ഹോമിക്കും" (1 രാജാ 13,2). പൂർവ്വപിതാവായ ദാവീദിനെപ്പോലെ ജോസിയായും ദൈവത്തിനു പ്രസാദമുള്ളത് പ്രവർത്തിച്ചു. "അവൻ തന്റെ എട്ടാം ഭരണവർഷത്തിൽ ചെറുപ്പമായിരിക്കെത്തന്നെ, പിതാവായ ദാവീദിന്റെ ദൈവത്തെ അന്വേഷിക്കാൻ ആരംഭിച്ചു" (2 ദിന 34,3). അതുകൊണ്ടുതന്നെയാവണം അസാധ്യമായത് പലതും ചെയ്യാൻ അവന് സാധിച്ചത്. "കർത്താവിനെ അന്വേഷിക്കുന്നവർക്ക് ഒന്നിനും കുറവുണ്ടാവുകയില്ല" (സങ്കീ 34,10). എട്ടാം വയസ്സിൽ ഭരണമേറ്റ ജോസിയാ എട്ടാം ഭരണവർഷം കർത്താവിനെ തേടി; അവൻ സൈനികബലമല്ല: മറിച്ച് ദൈവത്തിന്റെ ശക്തി തേടി. ദൈവത്തെ അന്വേഷിക്കാൻ നാം ഇനിയും തുടക്കമിട്ടോ എന്നത് സ്വയം വിലയിരുത്തണം. അതോ ദൈവം നമ്മെ അന്വേഷിച്ച് നടക്കുകയോ...?

ജോസിയ രാജാവായി പന്ത്രണ്ടാം വർഷമായപ്പോൾ യൂദായിലും ജറുസലേമിലും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു തുടങ്ങി. പൂജാഗിരികളും അഷേരാപ്രതിഷ്ഠകളും കൊത്തുരൂപങ്ങളും വിഗ്രഹങ്ങളും ബിംബങ്ങളും നീക്കി ദേശം വെടിപ്പാക്കി. ബാലിന്റെ ബലിപീഠങ്ങൾ ഇടിച്ചു തകർത്തു. വിഗ്രഹാരാധനയ്ക്കു നേതൃത്വം നല്കിയിരുന്ന പൂജാരികളുടെ അസ്ഥികളെ അവരുടെതന്നെ ബലിപീഠങ്ങളിൽ ദഹിപ്പിച്ചു. അങ്ങനെ യൂദായെയും ജറുസലേമിനെയും അവൻ ശുദ്ധീകരിച്ചു. ഇങ്ങനെ പൂർണ്ണാത്മാവോടും പൂർണ്ണശക്തിയോടുംകൂടെ കർത്താവിനെ പിന്തുടർന്ന ഒരു രാജാവ് അതിന് മുമ്പോ പിമ്പോ ഉണ്ടായിരുന്നില്ല (2 രാജാ 23,25). വിഗ്രഹങ്ങളെയും വിഗ്രഹാരാധകരെയും അവൻ ഉന്മൂലനം ചെയ്തു. സ്വവർഗാനുരാഗികളായ പുരുഷന്മാരുടെ വീടുകൾ നശിപ്പിച്ചു. അവരെ ദേശത്തുനിന്ന് നീക്കിക്കളഞ്ഞു (2 രാജാ 23,7). മോളെക്കിന് കുഞ്ഞുങ്ങളെ ദഹനബലിയർപ്പിക്കുന്നതിനു നിർമ്മിച്ച ബൻഹിന്നോം താഴ്‌വരയിലെ ദഹനസ്ഥലങ്ങൾ നശിപ്പിച്ചു. അങ്ങനെ യൂദാ-ജറുസലേം ജനത്തിനിടയിൽ വലിയ നവീകരണം നടത്തി.

"പതിനെട്ടാം ഭരണവർഷത്തിൽ ദേശവും ആലയവും ശുദ്ധീകരിച്ചതിനുശേഷം അസാലിയായുടെ മകൻ ഷാഫാനെയും നഗരാധിപനായ മാസേയായെയും യൊവാഹാസിന്റെ മകനും രേഖകൾ സൂക്ഷിക്കുന്നവനുമായ യോവാഹിനെയും തന്റെ ദൈവമായ കർത്താവിന്റെ ആലയം പുനരുദ്ധരിക്കാൻ ജോസിയാ നിയോഗിച്ചു" (2 ദിന 34,8).

"കർത്താവിന്റെ ദൈവാലയത്തിൽ നിക്ഷേപിച്ചിരുന്ന പണം പുറത്തെടുത്തപ്പോൾ മോശമുഖേന കർത്താവു നൽകിയിരുന്ന നിയമത്തിന്റെ ഗ്രന്ഥം ഹില്ക്കിയാ പുരോഹിതൻ കണ്ടെത്തി. അവൻ വിചാരിപ്പുകാരനായ ഷാഫാനോടു പറഞ്ഞു: കർത്താവിന്റെ ആലയത്തിൽ ഞാൻ നിയമഗ്രന്ഥം കണ്ടെത്തിയിരിക്കുന്നു. അവൻ ഗ്രന്ഥം ഷാഫാനെ ഏൽപ്പിച്ചു" (2 ദിന 34, 14-15). നിയമഗ്രന്ഥം വായിച്ചു കേട്ടപ്പോൾ ജോസിയാരാജാവ് വസ്ത്രം കീറി. ഗ്രന്ഥത്തിലെ വചനത്തെപ്പറ്റി

കർത്താവിനോട് ആരായാൻ കാര്യസ്ഥരെ നിയോഗിച്ചു. അവർ ഹുൽദാ പ്രവാചികയുടെ അടുത്തു ചെന്ന് വിവരം അറിയിച്ചു. പ്രവാചിക അതിന്റെ എല്ലാ വിശദീകരണങ്ങളും നൽകി. എന്നാൽ തന്നെത്താൻ താഴ്ത്തുകയും അനുതപിക്കുയും ചെയ്തതിനാൽ ജോസിയായുടെ കാലത്ത് സമാധാനമുണ്ടായിരിക്കുമെന്ന് പ്രവാചിക സൂചിപ്പിച്ചു.

തുടർന്ന് ദേവാലയത്തിന്റെ നവീകരണ പ്രവർത്തനങ്ങൾ ഹിൽക്കിയായും യോവാഹും നിർവ്വഹിച്ചു. യൂദാരാജാക്കന്മാരുടെ അശ്രദ്ധമൂലം ജീർണ്ണിച്ചുപോയ കെട്ടിടങ്ങളുടെ കേടുപോക്കുന്നതിന് ചെത്തിയെടുത്ത കല്ലുകളും തുലാങ്ങൾക്കുള്ള തടിയും വാങ്ങാൻ മരപ്പണിക്കാർക്കും കല്പണിക്കാർക്കും ദേവാലയത്തിൽനിന്നു കണ്ടെത്തിയ പണം നല്കി. പണിക്കാർ വിശ്വസ്തതയോടെ തങ്ങളുടെ ജോലികൾ നിർവ്വഹിച്ചു. തങ്ങളുടെ ദൈവമായ കർത്താവിനെ പരിത്യജിക്കുകയും അന്യദേവർക്ക് ധൂപം അർപ്പിക്കുകയും തങ്ങളുടെ കരവേലകളാൽ ദൈവത്തെ പ്രകോപിപ്പിക്കുകയും ചെയ്തതിനാൽ യൂദാനിവാസികളുടെമേൽ കർത്താവിന്റെ ക്രോധം ചൊരിയുമെന്ന് പ്രവാചിക വ്യക്തമാക്കിയിരുന്നു. എന്നാൽ ജോസിയായുടെ വിനയവും പശ്ചാത്താപവുംമൂലം യൂദയായുടെമേലുള്ള ദൈവകോപം മാറ്റപ്പെട്ടു (2 രാജാ 22,18-20).

യൂദാ-ജറുസലേം നിവാസികളെ വലുപ്പച്ചെറുപ്പമെന്യേ കർത്താവിന്റെ ആലയത്തിൽ ജോസിയ വിളിച്ചുകൂട്ടി, ഉടമ്പടിഗ്രന്ഥം വായിച്ചു കേൾപ്പിച്ചു. "കർത്താവിനെ പിൻചെല്ലുമെന്നും പൂർണ്ണഹൃദയത്തോടെ അവിടുത്തെ കല്പനകളും പ്രമാണങ്ങളും ചട്ടങ്ങളും പാലിക്കുമെന്നും ഗ്രന്ഥത്തിൽ എഴുതിയിരിക്കുന്ന നിയമങ്ങളെല്ലാം അനുസരിക്കുമെന്നും സ്വസ്ഥാനത്തുനിന്നുകൊണ്ട് രാജാവ് കർത്താവിന്റെ മുമ്പിൽ ഉടമ്പടി ചെയ്തു" (2 ദിന 34,31). "ഇസ്രായേൽ ദേശത്തുണ്ടായിരുന്ന സകല മ്ലേച്ഛതകളും ജോസിയാ നീക്കം ചെയ്തു. തങ്ങളുടെ ദൈവമായ കർത്താവിനെ ആരാധിക്കാൻ ഇസ്രായേൽ നിവാസികളെ നിർബന്ധിച്ചു. അവന്റെ ജീവിതകാലം മുഴുവനും തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവിനെ സേവിക്കുന്നതിൽനിന്ന് അവർ പിന്മാറിയില്ല" (2 ദിന 34,33). ദേവാലയവും ജനവും നവീകൃതമായപ്പോൾ മോശയുടെ നിയമഗ്രന്ഥത്തിൽ എഴുതിയിരിക്കുന്നതുപോലെ ജോസിയാ പെസഹാ ആഘോഷിച്ചു. കർത്താവിന്റെ കല്പനയനുസരിച്ച് ബലിപീഠത്തിൽ ദഹനബലിയർപ്പിക്കുകയും കർത്താവിനെ ശുശ്രൂഷിക്കാൻ വേണ്ടതെല്ലാം ഒരുക്കുകയും ചെയ്തു. സാമുവേൽ പ്രവാചകന്റെ കാലത്തിനുശേഷം അതുപോലൊരു പെസഹാ ആഘോഷിച്ചിട്ടില്ല.

ജോസിയാ ദേവാലയക്രമീകരണങ്ങളെല്ലാം പൂർത്തിയാക്കിയ അവസരത്തിൽ ഈജിപ്തു രാജാവായ നെക്കൊ കർക്കെമീഷിലേക്ക് (അസീറിയയിലുള്ള) യുദ്ധത്തിന് പോവുകയായിരുന്നു. ജോസിയാ അവനെ നേരിട്ടു. "എന്നോടൊത്തുള്ള ദൈവത്തെ എതിർക്കുന്നതിൽനിന്ന് പിന്തിരിയുക. അല്ലെങ്കിൽ അവിടുന്ന് നിന്നെ നശിപ്പിക്കും" എന്ന് നെക്കൊ ജോസിയായോടു പറഞ്ഞു. എന്നാൽ ജോസിയാ പിന്മാറിയില്ല. വേഷപ്രച്ഛന്നനായി യുദ്ധത്തിനു ചെന്നു. നെക്കൊയിലൂടെ ദൈവം അരുളിച്ചെയ്ത വാക്കുകൾ കേൾക്കാതെ മെഗിദോ സമതലത്തിൽവച്ച് ജോസിയാ അവനുമായി ഏറ്റുമുട്ടി. വില്ലാളികൾ അവനെ കഠിനമായി മുറിവേൽപ്പിച്ചു. സേവകർ അവരെ ആ രഥത്തിൽനിന്ന് മറ്റൊന്നിലേക്ക് മാറ്റി കിടത്തി ജറുസേമിലേക്ക് കൊണ്ടുവന്നു. അങ്ങനെ അവൻ മരണപ്പെട്ടു, പിതാക്കന്മാരുടെ കല്ലറയിൽ അവനെ സംസ്കരിച്ചു. യൂദാ രാജാക്കന്മാരിൽ പ്രഗത്ഭനായ ജോസിയായുടെ അന്ത്യം ഭയാനകമായിരുന്നു. എങ്കിലും യൂദാ രാജാക്കന്മാരുടെ ചരിത്രത്തിൽ അദ്ദേഹം ഉന്നതസ്ഥാനംതന്നെ അലങ്കരിക്കുന്നു. യൂദാ-ജറുസലേം നിവാസികളെല്ലാം അവനെക്കുറിച്ചു വിലപിച്ചു. സംഗീതക്കാർ അവനെ പ്രകീർത്തിച്ചു വിലാപഗീതങ്ങൾ രചിച്ചു. അങ്ങനെ ഭാവിതലമുറക്കാർ അവന്റെ കീർത്തി അനുസ്മരിച്ചുകൊണ്ടിരുന്നു.

**ആരാണീ ജോസിയ?**

** നീതിയും ന്യായവും പാലിച്ച യൂദാ രാജാവ്.*

**ദൈവികനിയമങ്ങളോടു പ്രതിബദ്ധതയും വിശ്വസ്തതയും പുലർത്തിയവൻ.*

**പ്രവാചകശബ്ദത്തിന് ചെവികൊടുത്തവൻ.*

**ദൈവഹിതം അന്വേഷിച്ചവൻ; അതുമൂലം ശുശ്രൂഷാജീവിതത്തിൽ വിജയിച്ചവൻ.*

**അസാധ്യതകളെ സാധ്യമാക്കാൻ ദൈവഹിതത്തോടു ചേർന്നു നിന്നവൻ.*

**ഭാവിതലമുറ അനുസ്മരിക്കുന്ന ജീവിതം നയിച്ചവൻ.*

**കർത്താവേ, വിശുദ്ധരെ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ**

കർത്താവേ, വിശുദ്ധരെ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ. ദൈവത്തെ തങ്ങളുടെ സർവ്വസ്വവുമാക്കിയ മനുഷ്യരെ ഞങ്ങൾക്കു പ്രദാനം ചെയ്യണമേ.

അങ്ങയോടുള്ള സ്നേഹത്താൽ നിറഞ്ഞു കവിഞ്ഞ് അങ്ങേയ്ക്കുവേണ്ടി മാത്രം ജീവിക്കുന്ന മനുഷ്യരെ ഞങ്ങൾക്ക് പ്രദാനം ചെയ്യണമേ. അങ്ങയെ കാണാൻ കഴിവുള്ളവരും അങ്ങയെ ശ്രവിക്കാൻ കഴിവുള്ളവരുമായ മനുഷ്യരെ ഞങ്ങൾക്കു നല്കണമേ. അങ്ങയുടെ രക്ഷയെ ലോകത്തിനു നല്കി, ഈ ലോകത്തെ അതിന്റെ ഭൗതികതയിൽനിന്നും വിമോചിപ്പിക്കാൻ കഴിവുള്ള മനുഷ്യരെ ഞങ്ങൾക്കു നല്കേണമേ.

കർത്താവേ, ഞങ്ങൾക്ക് വിശുദ്ധരെ ആവശ്യമുണ്ട്. വിശുദ്ധിയുടെ സൃഷ്ടികർത്താവും മകുടവുമായ അങ്ങ്, സമ്പന്നരുടെ ഇടയിൽ എന്നപോലെ ദരിദ്രരുടെ ഇടയിലും വിജ്ഞാനികളുടെ ഇടയിൽ എന്നപോലെ എളിയവരുടെ ഇടയിലും നിത്യതയ്ക്കു സാക്ഷ്യം വഹിക്കുന്നതിനായി ലോകത്തെ ഉപേക്ഷിച്ചവരുടെ ഇടയിൽ എന്നതുപോലെ തങ്ങളുടെ സാക്ഷ്യത്തിലൂടെ ലോകത്തെ വിശുദ്ധീകരിക്കുന്നതിനുവേണ്ടി ലോകത്തിൽ ജീവിക്കുന്നവരുടെ ഇടയിലും വിശുദ്ധരെ പ്രദാനം ചെയ്യണമേ.

കർത്താവേ, വിശുദ്ധി അങ്ങയുടെ ഒരു ദാനമാണെന്നും അത് നേടിയെടുക്കേണ്ടതാണെന്നും ഓരോ ക്രൈസ്തവനും വിശുദ്ധനായിരിക്കണമെന്നും ഓരോ മനുഷ്യനും അങ്ങ് മനസ്സിലാക്കിക്കൊടുക്കണമേ.

ക്രൈസ്തവൻ ദൈവത്തിനനുരൂപനായ പരിപൂർണ്ണമനുഷ്യനാണല്ലോ! കർത്താവേ, ഉദയത്തിലെ പ്രകാശം വളർന്ന് മധ്യാഹ്നത്തിലെത്തുന്നതുപോലെ നീതിമാന്റെ വഴി അനുധാവനം ചെയ്തുകൊണ്ട്, ഓരോ മനുഷ്യനും എന്തായിരിക്കുവാനായി അങ്ങ് അവനെ സൃഷ്ടിച്ചുവോ അത് ആയിത്തീരുവാനുള്ള ആഗ്രഹം ഓരോരുത്തരിലും ജനിപ്പിക്കണമേ.

കർത്താവേ, ഞങ്ങളും വിശുദ്ധരാകാൻ ആഗ്രഹിക്കുന്നു. അതിനായി വിശുദ്ധരെ ഞങ്ങൾക്കു നല്കേണമേ. ആമേൻ. (ദൈവദാസൻ വില്യം ജക്വീന്താ)

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



**മരിയ കഴുന്നടിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**


**ഒന്നാം ദിവ്യരഹസ്യം**: ജോർദാനിലെ മാമോദീസാ: സകല നീതിയും പൂർത്തിയാക്കുവാൻ ജോർദാൻ നദിയിൽ വച്ച് ഈശോ സ്നാപകയോഹന്നാനിൽനിന്ന് എളിമയോടെ സ്നാനം സ്വീകരിച്ചപ്പോൾ സ്വർഗം തുറക്കപ്പെട്ടു. "ഇവൻ എന്റെ പ്രിയപുത്രൻ" എന്നു പിതാവു പ്രഖ്യാപിക്കുകയും പരിശുദ്ധാത്മാവ് ഈശോയുടെമേൽ ഇറങ്ങി വരികയും ചെയ്തുവല്ലോ. പരിശുദ്ധ അമ്മേ, മാമോദീസാ സ്വീകരിച്ച ഞങ്ങളും ആത്മാവിൽ നിറഞ്ഞ് അനുനിമിഷം പാപത്തിനു മരിച്ച് ദൈവത്തിന്റെ പ്രിയമക്കളായി ജീവിക്കുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: കാനായിലെ കല്യാണവിരുന്ന്: ഒരു സാധാരണ കുടുംബത്തിന്റെ വേദനയിലൂടെ രക്ഷാകരകർമ്മത്തിനു തുടക്കം കുറിക്കുന്നതിന് അമ്മ ഈശോയുടെ ശ്രദ്ധ ക്ഷണിക്കുകയും അപേക്ഷിക്കുകയും, ശുദ്ധീകരണത്തിനു വച്ചിരുന്ന ആറു കൽഭരണികൾ നിറയെ വീഞ്ഞാക്കി മാറ്റി ആദ്യത്തെ അത്ഭുതം പ്രവർത്തിക്കാൻ ഇടയാവുകയും ചെയ്തുവല്ലോ. പരിശുദ്ധ അമ്മേ, ഞങ്ങളും അനുദിന ജീവിതത്തിലെ നിസ്സാരമായ അനുഭവങ്ങളിൽപോലും ദൈവഹിതം കണ്ടെത്തി രക്ഷയുടെ പാതയിൽ തുടരുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: ഈശോ ലോകത്തിന്റെ പ്രകാശം: പാപത്തിന്റെ അന്ധകാരത്തിൽ കഴിയുന്ന സകല മനുഷ്യരെയും പ്രകാശത്തിലേക്കു നയിക്കുവാൻ ലോകത്തിന്റെ പ്രകാശമായി ഈശോ സ്വയം വെളിപ്പെടുത്തിയല്ലോ. പരിശുദ്ധ അമ്മേ, വെളിച്ചത്തേക്കാളധികം അന്ധകാരത്തെ സ്നേഹിച്ചവരായ ഞങ്ങൾ തിന്മയിൽനിന്ന് അകന്ന് ഈശോ തന്ന പ്രമാണങ്ങളുടെ പാതയിലൂടെ, ദൈവഭയത്തോടെ പ്രകാശിതരായി ജീവിക്കാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ. *1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: ലോകത്തിന്റെ പാപം നീക്കുന്ന കുഞ്ഞാട്: യോർദാനിലെ മാമോദീസാ വേളയിലൂടെ ഞങ്ങളുടെ ബലഹീനമായ മനുഷ്യത്വത്തിന്റെ തെറ്റിന്റെയും മരണത്തിന്റെയും കഷ്ടതയുടെയും അടിമത്തത്തിന്റെയും മുഖം സ്വന്തം തോളിൽ വഹിച്ചുകൊണ്ട് ലോകത്തിനു വേണ്ടിയുള്ള പരിഹാര കുഞ്ഞാടായി ഈശോ സ്നാപകനാൽ വെളിപ്പെടുത്തപ്പെട്ടുവല്ലോ. പരിശുദ്ധ അമ്മേ നിന്റെ പുത്രൻ വില കൊടുത്തു നേടിയ രക്ഷ യോഗ്യതയോടെ സ്വീകരിക്കാനും രക്ഷയുടെ ആനന്ദം പ്രസരിപ്പിക്കുവാനും ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ.
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: മണവാളനായ ഈശോ: കറയോ ചുളിവോ കൂടാതെ സകല സൗഭാഗ്യങ്ങളും നിറച്ച്, മുടി ചൂടിച്ച്, സ്വർഗീയ മണവറയിലേക്ക് സഭയെ ആനയിക്കുന്ന മണവാളനായി ഈശോയെ യോഹന്നാൻ വെളിപ്പെടുത്തിയല്ലോ. പരിശുദ്ധ അമ്മേ, യഥാർത്ഥമായ ക്രൈസ്തവ ജീവിതം നയിക്കുന്ന സഭാമക്കളായി ജീവിക്കുവാൻ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമേ
*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*



“നിത്യവെളിച്ചം ദൈവത്തിൻ
നിത്യനനാദ്യൻ സൂനുവിതാ
നീതിജ്വലിക്കും സൂര്യൻപോൽ
ഭുവനതലത്തിൽ വെളിവായി.
താതനോടൊപ്പം സ്വർഗത്തിൽ
നിത്യതയിൽ നിവസിച്ചവനാം
ദിവ്യമഹത്ത്വം മർത്ത്യതയിൽ
ജീവൻ പകരാനൊളി വീശി”.
ഓനീസാ ദ്‌ലെലിയാ,
ദനഹാക്കാലം, മൂന്നാം ശനി

**PRATHEEKSHAYUDE POOMOTTUKAL** (Malayalam Monthly)
**RNI: KERMAL/2014/59983**
**January 2026**

ഈശോയേ, അങ്ങ്
സ്നാപകയോഹന്നാനിൽനിന്നും
സ്നാനം സ്വീകരിക്കുവാനായി
കടന്നുവന്നുവല്ലോ.
സ്നാനം സ്വീകരിച്ചപ്പോൾ
സ്വർഗം തുറക്കപ്പെടുന്നു...
പിതാവ് സംസാരിക്കുന്നു...
പരിശുദ്ധാത്മാവ് പ്രത്യക്ഷപ്പെടുന്നു....
എത്ര വലിയ മഹത്ത്വത്തിന്റെ
നിമിഷങ്ങളായിരുന്നു അത്!
ഈശോയേ, ആത്മാവിനാൽ
മാമോദീസാ സ്വീകരിച്ച ഞാൻ
എന്നും പിതാവിനു പ്രീതികരമായ
ജീവിതം നയിക്കാൻ,
ദൈവത്തിന്റെ സംസാരത്തിന്,
വചനത്തിന് കാതോർക്കുവാൻ
പരിശുദ്ധാത്മവരങ്ങളാൽ നിറഞ്ഞ്
സ്വർഗീയ മഹത്ത്വത്തിലേക്ക് നടന്നടുക്കുവാൻ
മാമോദീസായിൽ കിട്ടിയ വരപ്രസാദം
ഒരിക്കലും നഷ്ടപ്പെടുത്താതെ
നിന്റെ മാമോദീസാനുഭവത്തിന്റെ
ഒരു പ്രതിഫലനമായി
എന്റെ ജീവിതവും മാറുവാൻ,
നാഥാ കൃപയാകണേ.
ആമ്മേൻ.

**Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com**
**Editor: Fr. Mathew Vellanickal**